# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.16, August 2018 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# ഗത്തിൽ അത് പ്രസിദ്ധമാക്കരുതേ...




ബിജി ഫിലിപ്പ്, യു.എ.ഇ


ദൈവത്തിന്റെ അഭിഷേകത്താൽ ഗോലിയാത്തിന്റെ തല അറുത്തു മാറ്റിയ നാൾ മുതൽ ഒരു സൈ്വര്യവും കൊടുക്കാതെ തന്നെ പിന്തുടർന്ന ശൌലിന്റെ മരണം ദാവീദു ദൂതൻ മുഖാന്തരം അറിയുന്നു. എന്നാൽ അക്ഷരാർത്ഥത്തിൽ തന്റെ ശത്രുവായിരുന്ന ശൌൽ മരിച്ചു എന്നറിഞ്ഞപ്പോൾ ദാവീദ് വിലപിക്കയാണ് ചെയ്യുന്നത്. ഉപദ്രവകാരിയായ ശൌലിന്റെ മരണത്തിൽ ആനന്ദിക്കുന്ന ദാവീദിനെയല്ല അവിടെ നാം കാണുന്നത്. അഭിഷിക്തനായ ശൌലിനെ കൊന്നു കളഞ്ഞ അമാലേക്യനെ തന്റെ ബാല്യക്കാരിൽ ഒരുവനെ വിളിച്ചു ദാവീദും കൊന്നുകളയുന്നു. മാത്രമല്ല അഭിഷിക്തനായ ശൌൽ മരണമടഞ്ഞത് ഗത്തിൽ പ്രസ്ഥാവിക്കരുതെന്നു ദാവീദ് മുന്നറിയിപ്പ് നൽകുന്നു. അഭിഷിക്തനായവൻ ഒരു അമാലേക്യന്റെ കൈകൊണ്ട് വീണു മരിച്ചത് ഗത്തിൽ അറിയരുതെന്ന് ദാവീദ് ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ ഹിതത്തിൽ നിന്നും രാജകീയ അഭിഷേകത്തിൽ നിന്നും വീണുപോയവനെന്നും ദൈവം അവനെ രാജ്യ സ്ഥാനത്ത് നിന്നും നീക്കിയെന്നും വ്യക്തമായ തിരിച്ചറിവുണ്ടായിരുന്ന ദാവീദിന് ശൌലിനോട് പകയോ പ്രതികാര ചിന്തയോ ഉണ്ടായിരുന്നില്ല എന്ന് മാത്രമല്ല അവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു അഭിഷിക്തനാകുന്നുവെന്നും ദാവീദ് മനസുകൊണ്ട് അംഗീകരിച്ചിരുന്നു. ദൈവം രാജസ്ഥാനത്ത് നിന്നും നീക്കിയ ഒരുവൻ, പണ്ടെങ്ങോ അഭിഷേകത്താൽ നിറഞ്ഞവൻ, കാട്ടിൽ നിന്ന് തിരഞ്ഞെടുത്തു അഭിഷേകം ചെയ്ത തന്നെ കൊല്ലുവാൻ ഒരു ദയയും ഇല്ലാതെ പായുന്നവൻ, എന്നാൽ തനിക്കു അവസരങ്ങൾ പലതു കിട്ടിയിട്ടും ശൌലിനെ കൊല്ലുവാൻ ദാവീദ് ഒരുങ്ങാതെ ദൈവത്തിന്റെ അഭിഷിക്തനായ ശൌലിനോടു ദയവു കാണിച്ചു. ഒരിക്കൽ ദൈവം അവന്റെമേൽ പകർന്ന അഭിഷേകത്തെ ദാവീദ് എല്ലാ നാളും മാനിച്ചുകൊണ്ടേയിരുന്നു.

ഒരിക്കൽ ദൈവത്താൽ ഉപയോഗിക്കപ്പെടുകയും പിന്നത്തേതിൽ സാത്താന്യ പ്രലോഭനങ്ങളിലും ലോക മോഹങ്ങളിലും അകപ്പെട്ടു വീണു പോകുകയും ചെയ്യുന്നവർ ഈ നാളുകളിൽ പെരുകുകയാണ്. എന്നാൽ ദൈവവചനം വീണു പോയവർക്കും മടങ്ങി വരുവാനുള്ള സാധ്യതകൾ നൽകുന്നു. കുഞ്ഞുങ്ങളെ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്കു എഴുതുന്നു. എന്നാൽ ഒരുത്തൻ പാപം ചെയ്തു എങ്കിലോ, സ്വർഗത്തിൽ പിതാവിന്റെ വലതു ഭാഗത്ത് നമുക്ക് യേശു കർത്താവെന്ന കാര്യസ്ഥൻ ഉണ്ട്. അവിടുന്ന് നമ്മുടെ പാപങ്ങളുടെ പ്രായശ്ചിത്തം ആകുന്നു (1 യോഹ.2:1).

ഇഹലോകത്തിൽ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധ്യം വരുത്തുവാനും നടക്കേണ്ടുന്ന വഴി കാണിച്ചു തരുവാനും ചൊവ്വേയുള്ള പാതകളിൽ നടത്തുവാനും പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നമുക്കുള്ളപ്പോൾ വീണുപോയ, പരാജയപ്പെട്ടുപോയവനുവേണ്ടി പിതാവിനോട് യാചിപ്പാൻ യേശുക്രിസ്തു എന്ന കാര്യസ്ഥൻ സ്വർഗത്തിൽ നമുക്കുണ്ട്. എന്നാൽ ഈ വാക്യം പാപം ചെയ്യുവാനുള്ള ലൈസൻസ് അല്ല. ഒരുവൻ പാപം ചെയ്തു എങ്കിലോ എന്ന് തുടങ്ങുന്നതുകൊണ്ടാണ് വീണുപോയ, പരാജയപ്പെട്ടുവർക്ക് ദൈവം അവസരം നൽകുന്നുവെങ്കിലും വിശ്വാസസമൂഹം അതിനെ അംഗീകിരിക്കുന്നില്ല എന്നത് നിരാശജനകമായ വസ്തുതയാണ്.


.....ശേഷം 7 -ാം പേജിൽ


# FACING FLOOD? I NOAH GUY




Joel G. Jacob


*"When God is ready for you to move, He will make your situation uncomfortable"*

Every one of us have been in uncomfortable situations, and no I am not talking about the time the Air conditioning stopped working or when you wore new clothes and it was itchy and tight. Circumstances that bought you down, situations that made you look up in despair. Times when you were facing floods in your life. Drowning in problems that you cannot think a solution for, despite trying everything you can. It happens to every child of God, if it doesn't happen to you, you are not that special. Trouble comes to you, when your God believes that you are special enough and strong enough to handle it. The most selling book in the world says, 'It's the child that He loves that He disciplines' Facing with a problem? Yay! He loves you! Many people around us go through similar situations in life, in the past also people have been broken down by pain.

A long long time ago, there was a guy named Noah, who faced flood! Literal flood. He didn't drown, why you ask, it's because he trusted in the Lord. The greatest Weather Forecast was given back then, and none of the people believed or trusted in God. Just one guy and his family chose to believe. The flood couldn't sink Noah, because he trusted in the Lord and he did everything the Lord has commanded him. He didn't deviate from the covenant of the Lord, he whole heartedly followed it, like a faithful servant in the way Lord wanted him to be. The world around him was different, the world chose to ignore the words of Noah, but that didn't bother Noah, he didn't listen to them, because if he had listened to them he wouldn't be sipping on grape juice after the entire world was destroyed. He chose to believe in the Lord, it was different from what the world chose. But the result was also different. When faced with trouble, all we can do is believe and trust the master. He will never leave you nor forsake you. Storm hits every child of God, if it's wasn't there life would be very boring. Do not worry about the storm because nothing happens to you without His knowledge. And He would never leave you hanging in the storm. Trusting in the Lord always is difficult, but it is worth it and most times it's the only option we have. We many times run to God at times of trouble, but trust in Him always, sometimes it maybe sunshine and rainbows other times it might be thunderstorm, no matter what, trust the Master at all times. Smile through the storm, He's waiting there with arms stretched wide!



EDITORIAL

# അരുളിച്ചെയ്യുന്നവനെ നിരസിക്കരുത്...



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

നമുക്ക് വഴികാട്ടുന്നത് ദൈവമാണ്. ദൈവത്തിന്റെ ഹൃദയത്തിന് സന്തോഷം വരുത്തുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ദൈവത്തിന്റെ ഹൃദയത്തിന് സന്തോഷം വരത്തക്ക വിധത്തിൽ, നെഹമ്യാവ് ജീവിതത്തിലെ തിരഞ്ഞെടുപ്പുകൾ നടത്തി എന്ന് നാം നെഹമ്യാവിന്റെ പുസ്തകത്തിൽ വായിക്കുന്നു. നെഹമ്യാവിന്റെ തിരഞ്ഞെടുപ്പു മൂലം ദൈവത്തിന്റെ ഹൃദയത്തിന് എത്ര സന്തോഷം ഉണ്ടായെന്ന് ദൈവം അവനെ അറിയിച്ചു. നെഹമ്യാവാകട്ടെ, ദൈവത്തിന്റെ സന്തോഷം ആണ് അവന്റെ ബലം എന്ന് നമ്മോട് പറയുന്നു.

ദൈവത്തിന് സന്തോഷം ഉണ്ടാകത്തക്ക രീതിയിൽ നാം ജീവിക്കണം എന്നതാണ് ദൈവത്തിന്റെ ഹിതം. ലോകത്തിലെ പലകാര്യങ്ങളാലും നമ്മുടെ ശ്രദ്ധ പതറിയിരിക്കുന്നതിനാൽ ഒരു ദൈവം ഉണ്ടെന്നതിനെപ്പറ്റി പലപ്പോഴും നാം ആത്മീകമായി ബോധവാന്മാരല്ല. നമ്മുടെ ജീവിതത്തിലെ തിരഞ്ഞെടുപ്പുകൾ ദൈവത്തിന് സന്തോഷം വരുത്തുന്നുമില്ല. നാം ഉണ്ടാക്കാൻ ശ്രമിക്കുന്ന വ്യാജസന്തോഷം അല്ലാതെ, നമ്മുടെ ജീവിതത്തിൽ ശക്തി പകരുന്ന ഒരു ഉറവും ഇല്ല. ഇത്തരം സന്തോഷം ക്ഷണനേരത്തേക്കു മാത്രമേയുള്ളൂ. അത് മോഹഭംഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റേത് അല്ലാത്തതെല്ലാം വില കുറച്ചു കാണുവാൻ പരിശുദ്ധാത്മാവ് നമ്മെ പ്രേരിപ്പിക്കുന്നു.

ദൈവത്തിനു പ്രസാദകരമായ ജീവിതം, അതെവിടെയാണ്? അതെങ്ങനെ സാക്ഷാത്കരിക്കും? ദൈവം അരുളിച്ചെയ്യുന്നത് കേട്ട് അത് നിരസിക്കാതിരുന്നാൽ ഈ ജീവിതം നമുക്ക് സ്വന്തമാക്കാം. ദൈവം നമുക്ക് വച്ചിരിക്കുന്ന ഉത്തരവാദിത്വം നിറവേറ്റുന്നതിന് വേണ്ടതെല്ലാം ദൈവം ചെയ്തു. പരിശുദ്ധാത്മാവിനെ തന്നു, ദൈവശക്തി നൽകി. അതുകൊണ്ട് ഒന്നും ചെയ്യാതെ വെറുതെ കയ്യും കെട്ടിയിരുന്നാൽ മതി എന്നു നാം കരുതുന്നു. ദൈവത്തിന് ഇനി എന്തെങ്കിലും ചെയ്യണമെങ്കിൽ അവൻ അത് ചെയ്തുകൊള്ളും എന്നു നാം പറയുന്നു. അങ്ങനെയല്ല, ദൈവത്തിന്റെ സ്വരം കേൾക്കാൻ അവൻ പറയുന്നത് കേൾക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്.

ദൈവം പറയുന്നത് കേൾക്കാനും അവനെ അന്വേഷിക്കുവാനും അവൻ യോഗ്യനാണെന്ന് മനസ്സിലാക്കി അതിനനുസരിച്ച് പെരുമാറേണ്ട ഉത്തരവാദിത്വം എനിക്കുണ്ട്. ഞാൻ ദൈവത്തെ അന്വേഷില്ലെങ്കിൽ എനിക്ക് ദൈവത്തെ കാണാൻ കഴിയുകയില്ല. ദൈവം, ദൈവത്തിന്റെ പ്ലാൻ എന്റെമേൽ അടിച്ചേല്പിക്കുകയില്ല. പക്ഷെ തന്നെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം കൊടുക്കുന്നു. ദൈവത്തെ കണ്ടുമുട്ടുവാനുള്ള അത്യാവശം എനിക്കാണ്. ദൈവം വചനത്തിൽ കൂടി എനിക്ക് വെളിപ്പെടുത്തി തരുന്നതനുസരിച്ച് എന്റെ പ്രവൃത്തികളെ ക്രമീകരിക്കേണ്ടതിന്റെ ആവശ്യവും എനിക്കാണ്. അതെ, അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ നോക്കുവീൻ.

മുമ്പൊരിക്കലും ചെയ്തിട്ടില്ലാത്ത വിധത്തിൽ, ഉൾപ്രാപണത്തിനു മുമ്പായി, ദൈവമക്കളിലൂടെ തന്റെ ശക്തി ഭൂമിയിൽ ദൈവം വെളിപ്പെടുത്തുവാൻ പോകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. യേശുക്രിസ്തു കർത്താവാണെന്ന് ദൈവം ലോകത്തിനു കാണിച്ചു കൊടുക്കുവാൻ പോകുകയാണെന്ന് എന്റെ ഹൃദയം ഉറപ്പായി വിശ്വസിക്കുന്നു. ചെപ്പടി വിദ്യകൾ കൊണ്ടോ പുതിയ ഉപദേശങ്ങൾ കൊണ്ടോ ധാർമ്മിക ഭൂരിപക്ഷത്തിന്റെ ശക്തി കൊണ്ടോ അല്ല ദൈവം ഇതു ചെയ്യാൻ പോകുന്നത്.

വിശുദ്ധിയിലും നിർമ്മലതയിലും ജീവിക്കുന്ന, പരിശുദ്ധാത്മാവിന്റെ മന്ദിരം എന്ന വിലയേറിയ പദവിയുള്ള, യേശുക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കുന്ന, താൻ അരുളിച്ചെയ്യുന്നത് നിരസിക്കാതിരിക്കുന്ന വിശുദ്ധന്മാരിൽ കൂടിയാണ് ദൈവം ഇതു ചെയ്യാൻ പോകുന്നത്. യേശുക്രിസ്തു കർത്താവായിട്ടാണ് വരുന്നത്, നമ്മുടെ സ്നേഹിതനായിട്ടല്ല. നമ്മുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റാനല്ല വരുന്നത് മറിച്ച് പരമാധികാരിയായിട്ടാണ് വരുന്നത്. ലോകസ്ഥാപനത്തിനു മുമ്പു തന്നെ ദൈവത്തിന്റെ തിരുഹൃദയത്തിൽ മറഞ്ഞിരുന്ന പദ്ധതിയുമായി, കർത്താവ് ശക്തിയോടെ വരികയാണ്.

ആ പ്ലാനിനെ ഭേദഗതി ചെയ്യാൻ യോഗ്യമായ ഒന്നും എന്റെ ജീവിതത്തിലില്ല. ഞാൻ എന്റെ മനോഭാവത്തെ ഓരോ ദിവസവും ദൈവം അരുളിച്ചെയ്യുന്നതിനനുസരിച്ച് ദൈമുമ്പാകെ സമർപ്പിക്കേണ്ടതുണ്ട്. അനുസരണത്തോടുകൂടി അവന്റെ മുമ്പാകെ സമർപ്പിക്കണം. അനുസരണത്തിന്റെ മനോഭാവം ഞാൻ വളർത്തിയെടുക്കേണം. ആരെങ്കിലും എന്നോടു തെറ്റുചെയ്യുമ്പോൾ അപ്പോൾ ക്ഷമിക്കുന്നതുപോരാ, ഞാൻ എന്റെ പ്രാർത്ഥനാസ്ഥലത്തു നിന്ന് എഴുന്നേറ്റ് എന്റെ ദിവസം ആരംഭിക്കുന്നത് 'ഇന്ന് ആരെങ്കിലും എന്നെ വേദനിപ്പിച്ചാൽ അവരോട് ഞാൻ ഇപ്പോൾ തന്നെ ക്ഷമിച്ചുകഴിഞ്ഞു' എന്ന തീരുമാനത്തോടുകൂടി ആയിരിക്കേണം. എന്തുകൊണ്ട്? കർത്താവ് എന്നോട് അരുളിച്ചെയ്യുന്നത് ക്ഷമിക്കാനാണ് അത് ഞാൻ ഒരിക്കലും നിരസിക്കുകയില്ല. അങ്ങനെ ഒരു അനുഭവത്തിലേക്ക് ദൈവം നമ്മെ നടത്തട്ടെ.

നിങ്ങൾ ഉത്തരവാദിത്വം പുലർത്തുന്ന നിങ്ങളുടെ ജീവിതത്തിലെ എല്ലാ മേഖലകളിലും ഞാൻ നിങ്ങളെ ബഹുമാനിക്കുന്നു. പക്ഷെ നിങ്ങൾ ഏതെങ്കിലും മേഖലയിൽ ദൈവത്തിന് വഴങ്ങാതിരിക്കുകയാണെങ്കിൽ, ദൈവത്തിന് നിങ്ങളുടെ ജീവിതത്തിലെ ദൈവമായിരിക്കാൻ കഴിയേണ്ടതിന് ആ മേഖലയെ തകർക്കുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. വഴങ്ങാത്ത, നിരസിക്കുന്ന ഒരു അവസ്ഥയ്ക്ക് ദൈവത്തിൽ സ്ഥാനമില്ല. നമ്മുടെ മുമ്പിൽ പല വഴികളില്ല. ഇക്കാര്യത്തിൽ ഒരു തിരഞ്ഞെടുപ്പ് സാദ്ധ്യമല്ല. ഞാൻ കളിമണ്ണും ദൈവം മനയുന്നവനും ആണ്. കളിമണ്ണിന് മനയുന്നവനോട് നീ എന്നെ ഈ വിധത്തിൽ ഉണ്ടാക്കിയത് എന്ത്? എന്നു ചോദിപ്പാൻ അവകാശമില്ല. ആകയാൽ ദൈവം എന്തൊക്കെ നമ്മോട് അരുളിചെയ്തിരിക്കുന്നുവോ അത് നിരസിക്കാതെ നിവർത്തിപ്പാൻ ഒരു തീരുമാനം എടുക്കാം. സർവ്വശക്തൻ അനുഗ്രഹിക്കട്ടെ!

## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

Hello Hope Prayer Cell

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ്ണ ഉത്തരവാദിത്വം എഴുത്തുകാരുക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.

-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in "Hello Hope" are only of the writers and advertisers and not necessarily of the publishers.

-Editor-

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:

Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399

HH Inbox

# സാക്ഷാൽ ദൈവത്തിന്റെ മനുഷ്യൻ

**കർത്താവിൽ നിദ്ര പ്രാപിച്ച പാസ്റ്റർ സാബു മാതൃവിനെക്കുറിച്ചുളള ഓർമകൾ പങ്കുവച്ച് പാസ്റ്റർ സാം റ്റി. മുഖത്തല**



ഞാൻ ബഹറിനിൽ ജോലിക്ക് ചെന്ന് വലിയ താമസം ഇല്ലാതെ സാബുച്ചായനെ പരിചയപ്പെട്ടു. അന്ന് അദ്ദേഹം മറ്റൊരു കൂട്ടായ്മയിലായിരുന്നു. കണ്ടുമുട്ടിയ അന്നു മുതൽ ഞങ്ങൾ സുഹൃത്തുക്കളായി. അന്ന് സാബുച്ചായൻ നടത്തിവന്ന കൂട്ടായ്മയിൽ ഇടക്ക് പ്രസംഗിക്കാൻ പോകുമായിരുന്നു. ആ ഇടയിൽ സാബുച്ചായൻ അഭിഷേകം പ്രാപിച്ചു. ഒരു പെന്തകോസ്ത് കൂട്ടായ്മ ആരംഭിക്കാൻ നിയോഗം ഉണ്ടായി. അങ്ങനെയാണ് ഇസ്സാ ടൗൺ ലിവിംഗ് ചർച്ച് ഓഫ് ഗോഡ് എന്ന സഭ ആരംഭിച്ചത്.

എന്റെ ഏറ്റവും അടുത്ത സ്നേഹിതനായിരുന്നു പാസ്റ്റർ സാബു. എന്റെ സുഹൃത്തായി, ജേഷ്ഠൻ ആയി, എല്ലാം എല്ലാമായിരുന്നു. സാബുച്ചായനിൽ നിന്ന് പഠിക്കാൻ മാത്രമേ ഉള്ളൂ. കുമുട്ടിയ എല്ലാവരെയും ആകർഷിച്ചു. എല്ലാവരെയും സ്നേഹിച്ചു. ആരെയും മുൻവിധിയോടെ മാറ്റി നിർത്തിയില്ല. ആർക്കും വേണ്ടാതെ സമൂഹം തള്ളികളയുന്നവരെ പോയി ക് രക്ഷയിലേക്ക് നയിക്കും. ആരെയും കുറ്റം പറയില്ല. താൻ ജോലി ചെയ്തു. ജോലി ഇല്ലാത്തവർക്ക് ജോലി വാങ്ങി കൊടുത്തു. ആഹാരം വേണ്ടുന്നവർക്ക് ആഹാരം നൽകി. കൂടെ നിന്നവരെ ശുശ്രൂഷയിൽ വളർത്തി.

പിതാവില്ലാത്ത കുട്ടികൾക്ക് പിതാവായി. വാസ്തവമായും ദൈവത്തിന്റെ മനുഷ്യൻ. പേരൊ, പ്രശസ്തിയോ ഒന്നും അദ്ദേഹത്തിനില്ലായിരുന്നു.

പക്ഷെ, അടുത്തറിഞ്ഞവർ ഒരിക്കലും അദ്ദേഹത്തെ മറക്കില്ല.

നല്ലൊരു സഭാ പാസ്റ്റർ, പ്രഭാഷകൻ, ബഹറിൻ രാജ്യത്തിനുവേണ്ടി പല ചെസ്സ് കളികളിൽ പങ്കെടുത്ത് ചാമ്പ്യനാകുകയും മാത്രമല്ല നല്ലൊരു വോളിബോൾ പ്ലെയറുകൂടി ആയിരുന്നു. അനേക ഭാഷക്കാരോട് പ്രസംഗിച്ചു. ആദ്യകാലങ്ങളിൽ ബഹറിനിൽ എനിക്ക് ശുശ്രൂഷക്ക് ഏറ്റവും കൂടുതൽ അവസരം തന്ന ദൈവദാസൻ. ഒടുവിൽ ഈ കഴിഞ്ഞ സെപ്റ്റംബറിൽ ബഹറിനിൽ ഞങ്ങൾ ഒന്നിച്ച് 25 ദിവസം ഉണ്ടായിരുന്നു. ഒരു മുറിയിൽ താമസിച്ചു. ഒന്നിച്ചു ശുശ്രൂഷിച്ചു. മിക്ക ദിവസങ്ങളിലും ഒന്നിച്ചു ഭക്ഷിച്ചു. മറക്കാനാകില്ലൊരിക്കലും, നിത്യതയിൽ കാണാം. താൽക്കാലിക വിട...

എനിക്ക് പ്രിയരായ അമ്മച്ചിയും സജി പാസ്റ്റർ കുടുംബം, സിജി കുടുംബം, ബഹറിൻ ലിവിംഗ് ചർച്ച് ഓഫ് ഗോഡിലെ എല്ലാ ദൈവമക്കളെയും ദൈവം ആശ്വസിപ്പിക്കട്ടെ.

# യഹോവയ്ക്ക് വായ്പ കൊടുക്കുന്നവൻ ആർ?



ജെയ്സൺ കായംകുളം

തന്റെ ഉള്ളം കൈകൊണ്ട് വെള്ളം അളക്കുകയും ചാണുകൊണ്ട് ആകാശത്തിന്റെ പരിമാണമെടുക്കുകയും ഭൂമിയുടെ പൊടി നാഴിയിൽ കൊള്ളിക്കുകയും പർവ്വതങ്ങൾ വെളളിക്കോൽകൊണ്ടും കുന്നുകൾ തുലാസിലും തൂക്കുകയും ചെയ്ത മഹാനും ഭയങ്കരനുമായ യഹോവയായ ദൈവത്തിന് വായ്പ കൊടുക്കുന്നവൻ ആർ?

വിശുദ്ധ തിരുവചനം ഇപ്രകാരം പറയുന്നു 'എളിയവനോട് കൃപ കാണിക്കുന്നവൻ യഹോവയ്ക്ക് വായ്പ കൊടുക്കുന്നു. അവർ ചെയ്ത നന്മയ്ക്ക് അവൻ പകരം കൊടുക്കുന്നു' (സദൃ.19:17). ഇവിടെ കൃപ എന്ന പദത്തിന് വിവിധ പരിഭാഷകളിൽ ദയ, കനിവ്, കാരുണ്യം, അനുകമ്പ എന്നീ വൈവിധ്യമാർന്ന അർത്ഥങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. അർത്ഥാൽ എളിയവരോട് ദയ, കനിവ്, കാരുണ്യം, അനുകമ്പ എന്നിവ കാണിക്കുന്നവൻ യഹോവയ്ക്കാണ് വായ്പ കൊടുക്കുന്നത്.

മനുഷ്യവർഗ്ഗത്തിന്റെ ഉല്പത്തി മുതൽ നാളിതുവരെ എളിയവരുടെ ഗണത്തിൽപ്പെടുന്ന ദരിദ്രരേയും, വിദ്യാവിഹീനന്മാരേയും, ബലഹീനന്മാരേയും, കുലഹീനന്മാരേയും അനാദരിക്കുകയും അവഗണിക്കുകയും ചെയ്യുന്ന ലോകത്തിലാണ് നാമും അധിവസിക്കുന്നത്. അനാദരിക്കപ്പെടുന്നവരെ ആദരിക്കുകയും അവഗണിക്കപ്പെടുന്നവരെ ചേർത്തു നിർത്തുകയും ചെയ്യുന്ന ദൈവമാണ് നമ്മുടെ ദൈവം. 1 കൊരി. 1:27 -ൽ ഇപ്രകാരം പറയുന്നു ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തിരിഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തിരഞ്ഞെടുത്തു. അങ്ങനെയെങ്കിൽ നാമും ഒട്ടും വ്യത്യസ്തരല്ല. നമ്മിലെ അയോഗ്യതകൾ ആണ് ദൈവിക തിരഞ്ഞെടുപ്പിൽ നമ്മെ പ്രാപ്തരാക്കിയത്.

ദൈവിക തിരഞ്ഞെടുപ്പും മാനുഷിക തിരഞ്ഞെടുപ്പും, ദൈവിക വഴിയും മാനുഷിക വഴിയും തികച്ചും വ്യത്യസ്തമാണ്. 1 ശമു. 16:17 -ൽ യഹോവ ശമുവേലിനോട് പറയുന്ന ഭാഗം ശ്രദ്ധേയമാണ്. യഹോവ ശമുവേലിനോട് അവന്റെ മുഖമോ, പൊക്കമോ നോക്കരുത്. ഞാൻ അവനെ തള്ളിയിരിക്കുന്നു. മനുഷ്യർ നോക്കുന്നതുപോലെയല്ല, മനുഷ്യർ കണ്ണിന് കാണുന്നത് നോക്കുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്തു.

ശമുവേലിനോട് യഹോവ തിരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ വളരെ സ്പഷ്ടമായി പറയുവാൻ കാരണം എളിയവർ അനാദരിക്കപ്പെടരുത്. വനാന്തരങ്ങളിൽ ആടുകളെ മേയിച്ചുകൊണ്ട് ഏകാന്തതകളിൽ ദൈവവുമായി സമയം ചിലവിട്ട ദാവീദിനെ ആർക്കും തിരിച്ചറിയുവാൻ കഴിഞ്ഞില്ലെങ്കിലും കാട്ടിൽ നിന്നും കൊട്ടാരത്തിൽ എത്തിക്കുവാൻ കഴിയുന്ന ഒരു ദൈവമാണ് ദാവീദിന്റെ ദൈവം. അവൻ എളിയവരെ കുപ്പയിൽ നിന്ന് ഉയർത്തുകയും പ്രഭുക്കന്മാരോടുകൂടെ ഇരുത്തുകയും ചെയ്യുന്നു.

പ്രിയ സ്നേഹിതാ, നീ തിരസ്കരിക്കപ്പെട്ടവനാണോ? ഭാരപ്പെടേണ്ട, ദാവീദ് പറഞ്ഞതുപോലെ 'എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചു എങ്കിലും യഹോവ എന്നെ ചേർത്തുകൊള്ളും'. ദൈവം തള്ളിയതിനെ അധികാരം കൊണ്ടും ധാർഷ്ട്യം കൊണ്ടും ദുരാദായത്തിനുവേണ്ടി ശ്രേഷ്ഠ പദവികളിലേക്ക് തിരുകി കയറ്റുന്ന ചിറ്റമ്മനയം ദൈവസഭകളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ആയതുകൊണ്ട് ഏലിയുടെ കാലത്തെപ്പോലെ വചനം ദുർല്ലഭമായിക്കൊണ്ടിരിക്കുന്നു. അടിസ്ഥാന ഉപദേശങ്ങളുടെ ദൗർലഭ്യത ദുരുപദേശങ്ങൾക്ക് ആക്കം കൂട്ടുന്നു.

യേശു കർത്താവിനെക്കുറിച്ചുള്ള പ്രാവചിക ദൂതിപ്രകാരമാണ് 'എളിയവരോട് സദ്വർത്തമാനം ഘോഷിക്കുവാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു' (യെശ. 61:1). സ്വർഗ്ഗത്തിലെ സകല മഹിമകളും വെടിഞ്ഞ് മനുഷ്യപുത്രനായി ഈ ഭൂമിയിലേക്ക് അവതരിച്ചത് സമ്പന്നന്മാരോട് സദ്വർത്തമാനം ഘോഷിക്കുവാനല്ല, എളിയവരോട് സദ്വർത്തമാനം അറിയിക്കുവാനത്രെ. സമ്പന്നന്മാർക്ക് ആവശ്യമായ സദ്വർത്തമാനം അവരുടെ നക്ഷേപവസ്തുക്കളുടെ മൂല്യ വർദ്ധനവാണ്. എന്നാൽ എളിയവരോ, ദാസന്മാരുടെ കണ്ണ് യജമാനന്റെ കയ്യിലേക്കും ദാസിയുടെ കണ്ണ് യജമാനത്തിയുടെ കയ്യിലേക്കും എന്നപോലെ ഞങ്ങളുടെ കണ്ണ് ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്ക് അവൻ ഞങ്ങളോട് കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു (സങ്കീ. 123:2).

പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുത്ത് ലഭിക്കുന്ന നന്മയുമായി കുടുംബത്തിന്റെ പട്ടിണി മാറ്റുവാൻ ആഗ്രഹിച്ച് സൂര്യാസ്തമയത്തിനു മുമ്പ് യജമാനന്റെ കയ്യിലേക്ക് പ്രതീക്ഷയോടെ നോക്കുന്ന എളിയവനെ വെറുങ്കയ്യോടെ പറഞ്ഞു വിടുന്നത് അവന്റെ മാത്രമല്ല അവന്റെ കുടുംബത്തിന്റേയും നിലവിളിക്ക് കാരണമാകും. ഈ നിലവിളി യജമാനന് ശാപമായിത്തീരും. സദൃശ്യവാക്യങ്ങളിൽ ഇപ്രകാരം കാണുന്നു 'എളിയവനോട് അവൻ എളിയവനാകകൊണ്ട് കവർച്ച ചെയ്യരുത്. യഹോവ അവരുടെ വ്യവഹാരം നടത്തുന്നു. അവരെ കൊള്ളയിട്ടവരുടെ ജീവനെ കൊള്ളയിടും' (സദൃ.22:22-23). എളിയവരുടെ അവകാശങ്ങളെ കൊള്ളയിട്ട് ധനവാനാകാൻ ശ്രമിച്ചാൽ ജീവനെ കൊള്ളയിടുന്നൊരു ദൈവമുണ്ട്. എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ. അനർത്ഥ ദിവസത്തിൽ യഹോവ അവനെ വിടുവിക്കും (സങ്കീ. 41:1). 'അവന്റെ കൂലി അന്നേക്കന്നു കൊടുക്കേണം; സൂര്യൻ അതിന്മേൽ അസ്തമിക്കരുത്; അവൻ ദരിദ്രനും അതിന്നായി ആശിച്ചുകൊണ്ടിരിക്കുന്നവനുമല്ലോ. അവൻ നിനക്കു വിരോധമായി യഹോവയോടു നിലവിളിപ്പാനും അതു നിനക്കു പാപമായിത്തീരുവാനും ഇടവരുത്തരുത്' (ആവർ. 24:15).

എളിയവന്റെ നിലവിളി ചാഞ്ഞ് കേൾക്കുന്നൊരു ദൈവമുണ്ട്. ആയതിനാൽ കർത്താവിന്റെ വരവ് ഏറ്റവും അടുത്ത സമയത്ത് അവന്റെ വരവിനായി നമ്മെത്തന്നെ ഒരുക്കാം. ദൈവിക പദ്ധതികളിൽ തന്നെ നമുക്ക് നടക്കാം. പരദേശികളുടേയും അനാഥന്റേയും ന്യായം മറിച്ചുകളയാതെ യഹോവയ്ക്ക വായ്പ കൊടുക്കുന്നവരായി നമുക്ക് തീരുവാൻ സർവ്വശക്തനായ ദൈവം നമ്മെ പ്രാപ്തരാക്കട്ടെ. മാറാനാഥാ.

# അഗാധകൂപം

തിരശ്ശീല ക്കപ്പുറം... 7



ജിജോ അങ്കമാലി

പാതാളലോകത്തിലെ ഒരു ജയിലറയാണ് ദുർഭൂതങ്ങളെ അടച്ചിടുന്ന അഗാധകൂപം. 'ABYSS' എന്ന് ഇംഗ്ലീഷിലും അബുസ്സോസ് (ABUSSOS) എന്ന യവനായ ഭാഷയിലും പറയുന്ന ഈ പദത്തിന് ആഴമുള്ളത്, അടിയില്ലാക്കുഴി, നിലയില്ലാക്കുഴി എന്നൊക്കെ അർത്ഥം പറയാം. ഇതിന്റെ അധികം വിവരണം തിരുവെഴുത്ത് നല്കുന്നില്ലെങ്കിലും മെരുക്കാൻ കഴിയാത്തവിധ ശക്തിയുള്ള പിശാചുക്കളെ അടച്ചിട്ടിരിക്കുന്ന സ്ഥലമാണിതെന്ന് മനസ്സിലാക്കാം. എന്നാൽ അവയെപ്പോലും നിയന്ത്രിക്കത്തക്ക ശക്തിയുള്ളവനായ ദൈവം തന്റെ പദ്ധതിക്കനുസരണമായ് അവയെ തുറന്നു വിടുന്നതായും പിന്നെയും അടച്ചിടുന്നതായും തിരുവെഴുത്ത് വ്യക്തമാക്കുന്നുണ്ട്. ക്രൂരമായ പിശാചുക്കളുടെ വാസസ്ഥലമാണെങ്കിലും ആയതിന്റെ മുഴു ഉത്തരവാദിത്വവും ഒരൊറ്റ ദൂതനെയാണ് ദൈവം ഏല്പിച്ചിരിക്കുന്നത് (വെളി.9:1,2,11).

ലൂക്കോസ് 8:31-ൽ ഗദരദേശത്തിലെ ഭൂതഗ്രസ്തനെ യേശു സൗഖ്യമാക്കി, തന്നിലുള്ള ലെഗ്യോനെ പുറത്താക്കിയപ്പോൾ അഗാധകൂപത്തിലേക്ക് (പാതാളത്തിലേക്കല്ല) പോകാൻ കല്പിക്കരുതേ എന്ന് അപേക്ഷിക്കുമ്പോൾ അഗാധകൂപത്തിന്റെ ഭയാനകത ഒരളവോളം നമുക്ക് മനസ്സിലാക്കാം.

### അഗാധകൂപത്തിന്റെ അവസ്ഥ

വെളിപ്പാട് 9-ാം അദ്ധ്യായമാണ് ഈ വിഷയത്തിലേക്ക് വെളിച്ചം വീശുന്നത്. ആകാശത്തു നിന്ന് വീഴുന്ന 'നക്ഷത്രത്തിനു' അഥവ നക്ഷത്രം പോലെ തിളങ്ങുന്ന ദൂതന് അഗാധകൂപത്തിന്റെ താക്കോൽ ലഭിക്കയും താൻ അത് തുറക്കുന്നതായും നാം വായിക്കുന്നു. അത് തുറന്നപ്പോൾ കണ്ട കാഴ്ചയും ഭയാനകമായിരുന്നു.

1. സൂര്യനും ആകാശവും വരെ ഇരുണ്ടുപോകത്തക്ക വിധത്തിൽ പെരുഞ്ചൂളയിലെ പുകപോലെ കറുത്തിരുണ്ട പുക ഇവിടുണ്ട് (വെളി.9:2).

2. തേളിനുള്ള ശക്തി ലഭിച്ചതായ വെട്ടുക്കിളികൾ ഉണ്ട് (വെളി.9:3). ഇവയുടെ രൂപം യുദ്ധത്തിനു ചമയിച്ച കുതിരെക്ക് സമവും തലയിൽ പൊൻകിരീടം ഉള്ളതുപോലെയും, മുഖം മാനുഷമുഖം പോലെയും ആണ്. സ്ത്രീകളുടെ മുടുപോലെ മുടിയും, സിംഹത്തിന്റെ പല്ലുപോലെ പല്ലും ഉണ്ടെന്നു മാത്രമല്ല ഇരിമ്പു കവചം പോലെ കവചവുമുണ്ട്. അതോടൊപ്പം തേളിന്നുള്ളതുപോലെ വാലും വിഷമുള്ളും ഉണ്ട് (വെളി.9:7-10).

3. ഇവർക്കൊരു രാജാവുണ്ട്. അഗാധകൂപത്തിന്റെ രാജാവായിരിക്കുന്ന ദൂതന്റെ പേര് അഗാധദൂതൻ എന്നാണ്. എബ്രായ ഭാഷയിൽ അബദ്ദോൻ എന്നും യവന ഭാഷയിൽ അപ്പൊല്ലുവോൻ എന്നുമാണ് പേർ പറയുന്നത്.

മുകളിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള സംവിധാനവും, ജീവികളുമാണ് അവിടെയുള്ളത്. എന്നാൽ ദൈവത്തിന്റെ അുവാദം കൂടാതെ പുറത്തുപോകാനോ, ദൈവം അനുവദിക്കുന്നതിലധികം കാലം പുറത്തു നില്പാനോ കഴികയില്ല (വെളി.9:5).

വീണുപോയ ദൂതന്മാരിൽ ഒരു ഭാഗമോ അല്ലെങ്കിൽ ആദ്യഭൂമിയിലെ ഒരു കൂട്ടം ജീവികളും അവരുടെ രാജാവുമാകാം ഇവിടുള്ളത് എന്നാണ് പൊതു അനുമാനം.

### ആയിരമാണ്ട് ലൂസിഫർ കഴിയുന്ന ഇടം

കർത്താവായ യേശുക്രിസ്തു ആയിരമാണ്ട് രാജാവായ് ഭൂമിയിൽ വാഴാൻ വരുന്ന നാളിൽ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ ആയിരം ആണ്ടേക്ക് ചങ്ങലയിട്ട് സൂക്ഷിക്കുന്നതായ് നാം വെളി.20:2-3 -ൽ വായിക്കുന്നു. ഈ വിധത്തിൽ സാത്താനെ ബന്ധിക്കാനായ് സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരുന്ന ദൂതന്റെ കയ്യിൽ 2 വസ്തുക്കളുണ്ട്. ഒന്ന്, അഗാധകൂപത്തിന്റെ താക്കോൽ മറ്റൊന്ന് വലിയ ചങ്ങല. ഈ വലിയ ചങ്ങലകൊണ്ട് സാത്താനെ ബന്ധിച്ച് അഗാധകൂപം തുറന്ന് അതിനുള്ളിലടച്ച് ആയിരമാണ്ടേക്ക് അടച്ചിടും.

ആവിധം പിശാചും അനുയായികളും അഗാധകൂപത്തിൽ വീഴുമ്പോൾ സംഭരിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് യെശയ്യാവ് 14:9-17 -ൽ പറഞ്ഞിരിക്കുന്നതെന്ന് പണ്ഡിതഗണം അഭിപ്രായപ്പെടുന്നു. 'നിന്റെ വരവിങ്കൽ നിന്നെ എതിരേല്പാൻ താഴെ പാതാളം നിന്റെ നിമിത്തം ഇളകിയിരിക്കുന്നു. അത് നിന്നെ ചൊല്ലി സകല ഭൂപാലകന്മാരുമായ വ്രതന്മാരെ ഉണർത്തുകയും ജാതികളുടെ സകല രാജാക്കന്മാരേയും സിംഹാസനത്തിൽ നിന്ന് എഴുന്നേല്പിക്കുകയും ചെയ്തിരിക്കുന്നു. അവരൊക്കെയും നിന്നോട് നീയും ഞങ്ങളെപ്പോലെ ബലഹീനനായോ? നീയും ഞങ്ങൾക്ക് തുല്യനായ് തീർന്നുവോ' എന്ന് പറയും. ഇത് അക്ഷരാർത്ഥത്തിൽ ആയിരമാണ്ടിൽ സംഭവിക്കുമെന്ന് മനസ്സിലാക്കിതരുന്നു.

ലൂസിഫർ അഗാധകൂപത്തിലേക്ക് വീഴുമ്പോൾ അവിടത്തെ അന്തേവാസികൾ ലൂസിഫറിനെ പരിഹസിക്കുന്ന വിധത്തിലാണ് വർണ്ണന. എന്നാൽ ആയിരം ആണ്ട് കഴിയുമ്പോൾ പിശാചിനെ തുറന്നു വിടും. ഉടൻ തന്നെ ഭൂമിയിലെല്ലായിടത്തു നിന്നും വലിയൊരു കൂട്ടത്തെ വശീകരിച്ച് ക്രിസ്തുവിനെതിരായ് അണിനിരത്തും. എന്നാൽ അവരെ പരാജയപ്പെടുത്തി പിശാചിനെ ന്യായം വിധിച്ച് തീപൊയ്കയിലേക്ക് തള്ളിയിടും (വെളി.20:7-14).

അഗാധകൂപത്തിൽ ശേഷിക്കുന്ന പിശാചുക്കളും ജീവികളുമെല്ലാം അന്ത്യന്യായവിധി ദിവസത്തിൽ വെള്ളസിംഹാസനത്തിന്റെ മുമ്പിൽ വരും. അവരേയും ദൈവം ന്യായം വിധിച്ച് നരകത്തിലേക്ക് തള്ളും. അതിനുശേഷം അഗാധകൂപവും ശൂന്യമാകും.

എത്രയോ വ്യക്തതയോടെയും കൃത്യതയോടെയുമാണ് ദൈവം തന്റെ പദ്ധതികൾ നിറവേറ്റുന്നതെന്ന് നോക്കുക. തെറ്റു ചെയ്തവർ ദൂതന്മാരാണെങ്കിൽ പോലും, എത്ര കാലം കഴിഞ്ഞാണെങ്കിൽ പോലും ശിക്ഷിക്കാതെ വിടുകയില്ല എന്നുള്ളത് എക്കാലത്തുമുള്ള വിശ്വാസികൾക്ക് എക്കാലത്തേക്കുമുള്ള മുന്നറിയിപ്പായി എക്കാലവും നിലകൊള്ളുന്നു.






## Full Gospel Church of Philadelphia, Bahrain

## FAREWELL TO Pr. Antony Peo & Family

After 33 years of a blessed life in the Kingdom of Bahrain Pastor Antony Peo is leaving the island with his family, back to Chennai, his native place. He got saved in the year 1987 and was ordained as a Pastor in the Full Gospel Church of Philadelphia in 2006 and was pastoring the Tamil Cell of the church. His wife was miraculously healed rom cancer by our Lord and has been very active in Women's Ministry and Youth Ministry of the church. Their only Son, Jonathan was the drummer of the Church choir Ministry.

# BEER LAHAI ROI (the one who sees me)



Sachin C. Chacko

Our God Almighty has been given different names by different people in the Bible. Jehovah Jirah (the provider), Jehovah shalom (my peace), Jehovah Ebenezer (thus far the lord has helped us), etc. One such name was given by a girl named Hagar in Genesis:16.

## Who was Hagar???

An Egyptian orphan who served as a maid servant to Sarah. Probably one among the many maid servants Abraham acquired while he was in Egypt (ch12:16). When closely observed we find Hagar as poor, helpless girl who shifted her settlement from time to time for her survival. She could have been that sort of a girl who was deprived of all her fundamental rights and considered only as a sort of good to be traded. But this time she fell into the hands of a righteous man named Abraham.

Now Abraham's family was not an ordinary family. It consisted of Abraham, his wife Sarah, his cousin Lot and his family, 318 trained men, shepherds and many other servants like Hagar. To be noticed in vast family like this, one had to exhibit some exceptional qualities and so we believe that Hagar was a girl with an exceptional character that soon she became a part of Abraham's inner circle. She was exposed to their family secrets and was considered a trusted servant. This could be the reason Sarah chose her to be substitute wife for Abraham. Moreover, she knew the God of her mistress and served him wholeheartedly. When Abraham saw God outside the tent Hagar saw God inside the tent. When Abraham revered God in public Hagar revered him in secret, meaning she used to see God in the tent.

## The act that justified her:

We always consider the wicked Hagar who took advantage of her mistress's emptiness and despised her, but I would like to overturn the coin and consider the act that justified her that God almighty came down to her aid in the desert of Shur and in Beersheba.

### *1. Her decision to move from a palace to a tent:*

We see that in Genesis chapter 12 Pharaoh exchanged these servants to Abraham in exchange for Sarah his wife, and therefore we presume that Hagar served pharaoh in his palace. From a secured life in palace she was forcefully transferred to the family of a nomad who kept on travelling from place to place and lived in tents. Although it was not her decision to be shifted to Abrahams family she stood back and never fled and never wished for her previous life. Even when the most closely associated cousin of Abraham (Lot) left him she clung to her mistress and served the God of her master within her limitations. Her transition from a palace to a tent never bought her any good but in the later stage we discover that she had discovered the greatest wealth of her life – The God Almighty. Therefore, the first act that justified her is that she clung to her mistress and considered her transition as an opportunity to see the God of her mistress.

### *2. Her willingness to be a substitute:*

In Genesis chapter 16 we see that Sarah chose Hagar to build her family by being a substitute for her. Hagar being an Egyptian girl had many restrictions, but she ignored them and surrendered herself to wish of her mistress and save the glory of the family. From leading a life of freedom, and unaccountability she submitted herself to a loyal relationship with her master fulfilling his dream. Having known that she would always be considered secondary and would not be loved even to half of what Sarah received she still sacrificed her dream of having her own family for her mistress. Therefore, the second act that justified Hagar was that she was willing to sacrifice her life for the glory of her master.

### *3. Her obedience to return:*

In the same chapter 16 we see that when Sarah mistreated her she fled away but later returned heeding to the angel's words. She fled from a tent that offered her misery, from a tent that provided her no safety and having known these facts she still returned hoping to see her God within the tent. For a normal girl with no aid, to return to a place of sorrow would have been dreadful and risky but she still returned as obedience to God, having faith in her promise. Simply speaking she returned to a no entry zone where she was tortured only to deliver the child for her master. Therefore, the third act that justified her was her willingness to return to her mistress even after being mistreated.

### *4. She served God out of experience:*

As mentioned earlier Hagar mentioned God as Beer Lahai Roi meaning I have seen the one who sees me. Hagar defined her God as the one who always watches, not based on what she learnt from her mistress. She never needed anybody's assistance to experience the presence of her God, while Abraham built an alter to show his reverence and sacrificed on this alter whereas Hagar never had access to any of this but still she served God out of her experience and mentioned him as the one who saw her. When Abraham had to climb mount Moriah to understand a God who provided, Hagar only had to step out of the tent and travel a few distances to understand that there was a God who saw her.

***In the limelight of the above instances let us take a moment to consider ourselves instead of Hagar. All of us might have encountered situations like that of Hagar. But the most important matter is whether we react like that of Hagar?***

- When we are transferred from our palace like luxuries to that of a tent, do we murmur like that of Israel about our previous lives or do we cling onto our master's (Jesus) tent? Are we satisfied in every situation God is transferring us into?

- Are we willing to take up the task God is entrusting us with as that given to Hagar to be a substitute or do we always find our ways out of God's calling? Do we wish to wander away in freedom or enter a serious relation with our master sacrificing our desires and aspirations? When God calls do we even respond or do we ignore and live our own lives?

- When God tells us to return to a place that offered us misery or entrust with any responsibility that causes uneasiness in our lives are we ready to obey? Or do we sail our own ships just like Jonah did? Are we willing to enter risky zones heeding to Gods word just as Abraham climbed mount Moriah and risked his son's life?

- Do we serve God out of knowledge or experience? Is our Christian life our own effort or do we live it based on somebody's experience? Do our tents display God's presence or do we simply worship God by seeing Abrahams alter burning outside? Does our relationship with God remain the same whether in the tent or in the desert?

A genuine answer to these questions may be an eyeopener in our lives. Always remember, it was these acts that justified Hagar, that God came to her aid when left alone in the desert of Shur. Again, in chapter 21 we see the very same Beer Lahi Roi appearing in the desert of Beersheba, opening springs of water for the crying Ishmael.

Therefore, let us surrender ourselves before God's presence and take a U-turn if gone wrong at any point because there is always Beer Lahai Roi that comes to the aid of those who seek him earnestly.

# ആദിയിൽ ദൈവം


ജിജി, ബഹറിൻ

യഹോവക്കെതിരെ ജ്ഞാനവുമില്ല, ബുദ്ധിയുമില്ല ആലോചനയുമില്ല. കുതിരയെ യുദ്ധദിവസത്തേക്കു ചമയിക്കുന്നു; ജയമോ യഹോവയുടെ കൈവശത്തിലിരിക്കുന്നു! (സദൃ.21:30,31)

**ഒരു ദൈവപൈതലിന്റെ ജീവിതയാ**ത്രയിൽ നേരിടുന്ന സകലത്തിലും ഉടയവന് ഒരു ഉദ്ദേശമുണ്ട്. അതിൽ വിശ്വസിക്കുവാൻ പലപ്പോഴും ആത്മീയമായി ശക്തരെന്ന് കരുതുന്നവർക്കും അസാദ്ധ്യമായിത്തീരുന്ന സന്ദർഭങ്ങൾ ഉണ്ട്.

**പ്രാരംഭവാക്യത്തിൽ ജ്ഞാനം,** ബുദ്ധി, ആലോചന ഇവയൊന്നും യഹോവക്കെതിരെ വരില്ലായെന്ന് ശലോമോൻ പറയുന്നു. ദൈവാശ്രയം, സ്വയാശ്രയം, പരാശ്രയം ഇവ മനുഷ്യന്റെ ജീവിത്തിൽ എപ്രകാരം പ്രകടമാകുന്നുവെന്ന് അവൻ നേരിടുന്ന പ്രതിസന്ധിയിൽ നിന്നും ഉരുത്തിരിയുന്ന അവന്റെ പ്രതികരണത്തിൽ നിന്നും മനസ്സിലാക്കാം. സ്വാഭാവികമായി സ്വയത്തിൽ ആശ്രയിക്കുന്ന വ്യക്തി പരാജയപ്പെടുമ്പോൾ അവൻ മറ്റുള്ളവരിൽ സഹായം കണ്ടെത്തുന്നു. അവിടെയും തോൽവിയടയുമ്പോൾ അവസാനമായി ആത്യന്തികമായി ദൈവത്തിൽ ആശ്രയിക്കാമെന്ന് പ്രവണത ഉണ്ടാകുന്നു. ആ പ്രവണതയിൽ എത്തപ്പെടാത്തവരുടെ ജീവിതമേഖലയിൽ ആത്മഹത്യയും അത്യാഹിതങ്ങളും വന്നു ഭവിക്കും. എന്നാൽ ഒരു യഥാർത്ഥ ദൈവപൈതൽ സത്യവേദപുസ്തകം ആരംഭിക്കുന്ന പ്രകാരം 'ആദിയിൽ ദൈവം' അവന്റെ ഏതു പ്രതിസന്ധിയിലും പ്രതികൂലത്തിലും പ്രശ്നത്തിലും ദൈവത്തെ പ്രഥമമായി ആശ്രയിക്കുവാൻ കഴിഞ്ഞാൽ അവൻ ജയാളിയായിത്തീരും.

ദാവീദ് പാടുന്ന പ്രകാരം 'ദൈവമേ നീ എന്റെ ദൈവം അതികാലത്തെ ഞാൻ നിന്നെ അന്വേഷിക്കും' ദൈവവിചാരം ഒരു ജീവ മന്ത്രമാണ്, ആത്മ സഞ്ജീവിനിയാണ്. ആത്മവികാരത്തിന്റെ കേന്ദ്രബിന്ദു ദൈവമാണ്. അത് ഗ്രഹിക്കുന്നവനാണ് ആത്മീകൻ. അവന്റെ ജീവയാത്ര ഉയരത്തിലേക്കാണ്. അതിന്റെ സമാപ്തി ശുഭകരവും.

ദൈവസൃഷ്ടികളിൽ മനുഷ്യനു മാത്രമാണ് സൃഷ്ടാവിനെ വാമൊഴിയാൽ അഭിസംബോധന ചെയ്‌വാൻ കഴിവുളളത്. സകല മനുഷ്യരുടേയും ഉള്ളിന്റെ ഉള്ളിൽ ദൈവികാവബോധമുണ്ട്. സ്വാഭാവികമായുള്ള ഈ ആത്മവികാരത്തെ വളർത്തുന്നവൻ ദൈവാഭിമുഖമായി വളരുന്നു. അതിനെ അവഗണിക്കുകയോ അലക്ഷ്യമാക്കുകയോ ചെയ്യുന്നവന്റെ ജീവിതം മുരടിക്കുകയും അചിരേണ അവൻ മരണോന്മുഖനാകുകയും ചെയ്യുന്നു. അവന് ശാരീരിക വളർച്ചയല്ലാതെ ആത്മ വളർച്ച ലഭ്യമാകുന്നില്ല. സൂര്യപ്രകാശത്തിനു പുറം തിരിയുന്ന ചെടി വിളറി വെളുത്ത് നശിച്ചു പോകുകയേയുള്ളൂ.

മഹാനായ ദാവീദ് രാജാവ് മരുഭൂമികളിൽ അജ്ഞാതവാസം ചെയ്തിരുന്നു. പ്രാണരക്ഷാർത്ഥം മണൽക്കാടുകളിൽ കാട്ടുപക്ഷിയെപ്പോലെ നെട്ടോട്ടം ഓടിയിരുന്നു. അക്കാലത്ത് ഏതോ ഒരു ഗുഹയിൽ രാപാർത്ത ശേഷം പ്രഭാതത്തിൽ ഉണർന്ന ഭക്തനായ ദാവീദ് പരിസരബോധം വന്നപ്പോൾ താൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യം ഗ്രഹിച്ചു. പ്രാതഃകാല സൂര്യകിരണങ്ങൾ അവന് നവോന്മേഷമേകി. അവന്റെ ഹൃദയത്തിൽ നിന്നൊരു ഗാനമുയർന്നു 'ദൈവമേ നീ എന്റെ ദൈവം...(സങ്കീ. 63:1). പ്രഭാതത്തിൽ ഈ മഹാദൈവത്തെ സ്മരിക്കുക. അവിടുന്ന് പ്രാതസ്മരണീയനാണ്. 'ആദിയിൽ ദൈവം...'

യഹോവ യുദ്ധം ചെയ്യുമ്പോൾ ജയം തന്റെ മക്കൾക്കുള്ളതാണ്. നമ്മുടെ എല്ലാ ശത്രുക്കളും ദൈവത്തിന്റെ ശത്രുക്കൾ ആകണമെന്നില്ല എന്ന സത്യം നാം മനസ്സിലാക്കുക. നിന്റെ ശത്രു ദൈവത്തിന്റെ ശത്രു ആണെങ്കിലെ നിന്റെ യുദ്ധം ദൈവത്തിന്റേതായിത്തീരുകയുള്ളൂ. അവിടെ ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്ത് നമുക്ക് ജയം തരും. നമ്മുടെ കർത്താവ് നമുക്ക് ശത്രുക്കൾ മുമ്പാകെ മേശയൊരുക്കുന്ന ദൈവം മാത്രമല്ല, ശത്രുക്കളെക്കൊണ്ട് മേശ ഒരുക്കിക്കുന്ന ദൈവം കൂടിയാണ്. രാജാവ് ബഹുമാനിക്കുവാൻ ഇച്ഛിക്കുന്ന പുരുഷന് ഇങ്ങനെ ചെയ്യുമെന്ന് മൊർദ്ദേഖായിയുടെ മുമ്പിൽ വിളിച്ചു പറഞ്ഞത് എസ്ഥേറല്ല ഹാമാനാണ്. ഈ ദൈവം ഇന്നും ജീവിക്കുന്നു. അവൻ നമ്മെ ജീവപര്യന്തം വഴിനടത്തും.

നമ്മുടെ കർത്താവായ യേശുവിന്റെ കാൽവറിയിലെ ജയം നമ്മുടെ പരാജയങ്ങൾ അവസാനിക്കുവാൻ രോഗങ്ങൾ സൗഖ്യമാക്കുവാൻ ശാപം അനുഗ്രഹമാക്കുവാൻ എല്ലാറ്റിലും ഉപരിയായി പാപി നീതിമാനായിത്തീരുവാൻ വേണ്ടിയായിരുന്നു. നാം ജയത്തിനായി പരിശ്രമിക്കുന്നവരുടെ ഗണത്തിലല്ല, കാൽവറിയിലെ ജയത്തിൽ നിന്നും ജീവിക്കുന്നവരുടെ കൂട്ടത്തിലാണ്.

**ആയതിനാൽ യുദ്ധദിവസത്തിനായി** കുതിരയെ ചമയിച്ചാലും അവിടെ ലഭിക്കുന്ന ജയം യഹോവയുടെ കൈവശത്തിൽ ഇരിക്കുന്നതാണ്. അത് തന്റെ പുത്രനായ ക്രിസ്തുവിലൂടെ നമുക്ക് നൽകിയിരിക്കുന്നു. ഈ ക്രിസ്തീയ പോർക്കളത്തിൽ നമുക്ക് ജയാളികളായി തുടർന്നും ജീവിക്കാം.

'**ലോക**ത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു' (യോഹ. 16:33)

യേശു നമ്മുടെ മാറയെ മധുരമാക്കും, വിലാപത്തെ നൃത്തമാക്കും, രട്ടഴിച്ച് സന്തോഷം ഉടുപ്പിക്കും, നഷ്ടങ്ങളെ ലാഭമാക്കും, രോഗങ്ങളെ സൗഖ്യമാക്കും, മേത്തരമായ കോതമ്പുകൊണ്ട് പോഷിപ്പിക്കും, പാറയിൽ നിന്നുള്ള തേൻ കൊണ്ട് തൃപ്തി വരുത്തും, ഹീനത മാറ്റി മാന്യത തരും, കുറവ് നീക്കി നിറവ് നൽകും, കളപ്പുരകൾ ധാന്യം കൊണ്ട് നിറയും, ചക്കുകൾ വീഞ്ഞും എണ്ണയും കൊണ്ട് നിറഞ്ഞു കവിയും, അലങ്കോലമായി കിടക്കുന്നതിനെ അലങ്കാരമായി മാറ്റും, കരച്ചിലിനെ പൊട്ടിച്ചിരിയാക്കി മാറ്റും. പരിശുദ്ധാത്മാവിനാലും അഭിഷേകത്താലും നിറച്ച് അവന് പ്രയോജനമുള്ള മൂർച്ചയേറിയ ആയുധമാക്കിത്തീർക്കും.

ദൈവം ഏവരേയും സമൃദ്ധമായി ഐശ്വര്യമായി ജയാളികളായി നയിക്കട്ടെ, നടത്തട്ടെ.

## HH Rhythm


ഡോ. മാത്യു സി. വർഗീസ്

മാൻ നീർത്തോടിനായി ദാഹിക്കും പോൽ
മനമേ നിൻ കർത്തനെ കാംക്ഷിക്കുക
മരുഭൂപ്രയാണത്തിൽ ചാരിടുവാൻ
തിരുമാർവ്വതൊന്നു മാത്രം നിന്നാശ്രയം

തിരുക്കരം എന്നെ താങ്ങുന്നതാൽ
രിപുഗണം എതിരായി വന്നീടിലും
പതറുകയില്ല ഞാൻ ഭയപ്പെടില്ല
പരിപാലകൻ യേശു എന്നഭയം

തിരുമൊഴി എൻ ജീവബലം
തേനിനേക്കാളും മധുരതരം
മരുവിലെ താപം ഏറീടിലും
എൻ പ്രാണനെ അവൻ തണുപ്പിക്കുന്നു

ഇഹത്തിൽ ഞാൻ ഇനിയും ജീവിക്കിലും
പരലോകെ ഞാൻ ക്ഷണം ചേർന്നീടിലും
തിരുമഹത്വം എൻ ഏക ലക്ഷ്യം
തിരുഹിത സമർപ്പിതം എൻ ജീവിതം

## PROMISE & COMMAND OF THE MONTH

**PROMISE**

*2 കൊരിന്ത്യർ 3:16*
*കർത്താവിങ്കലേക്കു തിരിയുമ്പോൾ മൂടുപടം നീങ്ങിപ്പോകും.*

**COMMAND**

*ആവർത്തനം 8:10*
*നീ ഭക്ഷിച്ചു തൃപ്തി പ്രാപിക്കുമ്പോൾ നിന്റെ ദൈവമായ യഹോ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ചു നീ അവന്നു സ്തോത്രം ചെയ്യേണം.*



ക്രിസ്തീയ ഗാനാവലി
ആയിരത്തിൽ പരം ഗാനങ്ങളുടെ വരികൾ
പാട്ട് പുസ്തകങ്ങൾ, ഗാനസന്ദർഭങ്ങൾ
ഗാനരചയിതാക്കളുടെ ജീവചരിത്രം
WWW.KRISTHEEYAGAANAVALI.COM

# രക്ഷ (വീണ്ടെടുപ്പ്) കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?



പാസ്റ്റർ ബോസ് ബി വർഗീസ്

ഒരു വ്യക്തിയെ ആപത്തിൽ നിന്നോ നാശത്തിൽ നിന്നോ രക്ഷിക്കുന്നതിനെയാണ് രക്ഷ എന്ന് പറയുന്നത്. ബൈബിൾ ഇതിനെ രക്ഷിക്കപ്പെടുക, രക്ഷ എന്നീ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഈ ഭാഗങ്ങൾ നോക്കുമ്പോൾ വിശദമായി കാണുവാൻ കഴിയും (പുറ.14:13,14, അപ്പൊ.27:20). പാപത്തിൽ നിന്നുള്ള വിടുതലിനെയാണ് അർത്ഥമാക്കുന്നത്.

രക്ഷ നേടുന്നതിന് ഒരുവൻ യേശുവിൽ വിശ്വസിക്കുകയും യേശുവിന്റെ കല്പന അനുസരിച്ചുകൊണ്ട് അത് അവരുടെ ജീവിതത്തിൽ പ്രകടമാക്കുകയും വേണം എന്ന് റോമ.10:9,10 വാക്യത്തിൽ പറയുന്നു.രക്ഷ എന്നത് നമ്മുടെ സ്വന്തം പ്രയത്നം കൊണ്ട് നേടിയെടുക്കാം എന്നല്ല അത് ദൈവത്തിന്റെ കാരുണ്യത്തിൽ അഥവ കൃപയിൽ അധിഷ്ഠിതമായ ദാനമാണ് (എഫെ. 2:8,9).

*1. യേശുവിന്റെ രക്തത്തിനു മാത്രമെ പരിപൂർണ്ണ വീണ്ടെടുപ്പ് സാദ്ധ്യമാക്കുവാൻ കഴിയൂ*

**a)** 1 യോഹ.1:7 – അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും എന്ന് പഠിപ്പിക്കുന്നു

**b)** മത്താ. 27:4 – ആ രക്തം കുറ്റമില്ലാത്ത രക്തം എന്ന് യൂദാ വിളിച്ചു പറയുന്നു

**c)** കൊലൊ. 1:20 – യേശു ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് മനുഷ്യവർഗ്ഗത്തിനു സമാധാനം ഉണ്ടാക്കി

**d)** 1 പത്രോ. 1:19 – ക്രിസ്തുവിന്റെ രക്തം നിർദ്ദോഷവും നിഷ്കളങ്കവുമായ വിലയേറിയ രക്തമാണ്

**e)** 1 കൊരി. 11:27 – ഈ രക്തം മനുഷ്യവർഗ്ഗത്തിന് കുറ്റബോധം വരുത്തുന്നു

**f)** വെളി. 7:14 – കുഞ്ഞാടിന്റെ രക്തത്തിനു മാത്രമെ പാപക്കറകളെ കഴുകുവാൻ പറ്റുകയുള്ളൂ

**g)** വെളി. 12:11 – അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു

യേശുവിന്റെ രക്തത്തിനു മാത്രമെ പരിപൂർണ്ണ വീണ്ടെടുപ്പ് മനുഷ്യവർഗ്ഗത്തിനു നേടിത്തരുവാൻ കഴിയൂ. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപക്ഷമയില്ലെന്ന് ദൈവത്തിന്റെ പ്രമാണമാണ്. രക്തമല്ലോ ജീവൻ മൂലമായി പ്രായശ്ചിത്തം ആകുന്നത് എന്ന് ലേവ്യ 17:11 -ൽ പറഞ്ഞിരിക്കുന്നു.

ന്യായപ്രമാണത്തെ നീക്കുവാനല്ല യേശുക്രിസ്തു ലോകത്തിൽ വന്നത് ന്യായപ്രമാണത്തെ നിവർത്തിക്കുവാനാണ്. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപക്ഷമയില്ല (എബ്രാ. 9:22) എന്നത് ബൈബിളിലെ അടിസ്ഥാന പ്രമാണവുമാണ്. പഴയനിയമ കാലഘട്ടത്തിൽ മൃഗങ്ങളുടെ രക്തം കൊണ്ട് വീണ്ടെടുപ്പാൻ കഴിയാതെയിരുന്ന മാനവജാതിയുടെ നിത്യമായ വീണ്ടെടുപ്പിനായ് കാലത്തിന്റെ തികവിൽ യേശുക്രിസ്തു കാൽവറിക്രൂശിൽ തന്റെ മുഴു രക്തവും ചൊരിഞ്ഞ് പാപക്ഷമയും വീണ്ടെടുപ്പും നേടിത്തന്നു.

*2. യേശുവിന്റെ രക്തം മൂലം മനുഷ്യവർഗ്ഗത്തിന് ലഭിച്ചത് എന്തെല്ലാമാണെന്ന് നോക്കാം*

**a)** വ്യർത്ഥമായ പഴയ ജീവിതത്തിൽ നിന്നുള്ള വീണ്ടെടുപ്പ് – 1 പത്രോ. 1:18,19

**b)** യേശുക്രിസ്തുവിനോട് സമീപസ്ഥരായിത്തീർന്നു – എഫെ. 2:13

**c)** സകലപാപവും പോക്കി നമ്മെ ശുദ്ധീകരിച്ചു – 1 യോഹ. 1:7

**d)** ഓരോ ദൈവമക്കൾക്കും പുതിയ ഒരു നിയമം ലഭിച്ചു – മത്താ.26:27

**e)** യേശുവിന്റെ രക്തംമൂലം നീതികരണം ലഭിക്കുന്നു – റോമ. 5:9

**f)** യേശുക്രിസ്തു ചൊരിഞ്ഞത് നിത്യനിയമത്തിന്റെ രക്തമാണ് – എബ്രാ. 13:20

**g)** വിശുദ്ധീകരണവും സാത്താന്റെ മേൽ ജയവും വരുത്തി – എബ്രാ. 13:12, വെളി. 12:11

**h)** ദൈവത്തിനായി ഓരോ ദൈവമക്കളെയും വിലയ്ക്ക് വാങ്ങി – വെളി. 5:9

**i)** ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ മനസ്സാക്ഷിയെ ശുദ്ധീകരിക്കുന്നു – എബ്രാ. 9:14,15

**j)** ഈ രക്തം ദൈവസഭയെ സമ്പാദിച്ചു – അപ്പൊ. 20:28

# ഗത്തിൽ അത് പ്രസിദ്ധമാക്കരുതേ...

ബിജി ഫിലിപ്പ്, യു.എ.ഇ

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

ഇന്ന് പെന്തകോസ്ത് അനുഭവത്തിൽ ജീവിക്കുന്നവർ തന്നെ പരസ്പരം ക്ഷമിക്കുവാനോ സഹിക്കുവാനോ തയ്യാറാകാതെ സോഷ്യൽ മീഡിയകളിലൂടെ , ഇന്റർനെറ്റിലൂടെ ഒക്കെ പരസ്പരം ചെളി വാരിയെറിയുമ്പോൾ ദുഷിക്കപ്പെടുന്നത് കർത്താവിന്റെ നാമം ആണ്. രക്ഷിക്കപ്പെട്ടവർ, സ്നാനപ്പെട്ടവർ, പരിശുദ്ധാത്മാവുള്ളവർ തമ്മിൽ വാക്കുകളിൽ തമ്മിൽ കോർക്കുകയും മാന്യതയില്ലാതെ സംസാരിക്കയും ചെയ്യുമ്പോൾ പൊതുവിലുള്ള സാക്ഷ്യം നഷ്ടമാവുന്നു. ചില രാഷ്ട്രീയ കക്ഷികളെപ്പോലെ ചേരി തിരിഞ്ഞു സംഘടനകളുടെ പേരിൽ പോരടിക്കയും അവിശ്വാസികൾ പോലും വായിച്ചു രസിക്കത്തക്ക രീതിയിൽ പത്രമാധ്യമങ്ങളിൽകൂടെ വാഗ്വാദം നടത്തുകയും ചെയ്യുമ്പോൾ കർത്താവ് ദുഃഖിക്കുന്നു.

നാം ഒരു അപ്പന്റെ മക്കളും ഒരു അപ്പത്തിന്റെ അംശികളും ആണെന്ന് പലരും മറന്നു പോകുന്നു. വിമർശനം ഒരു തൊഴിലാക്കി മാറ്റിയവർ തീയതിനെ വിമർശിക്കുന്നതിനോടൊപ്പം നല്ലതിനേയും അറിഞ്ഞും അറിയാതെയും വിമർശിച്ചു പോകുന്നു. ദൈവത്താൽ ശക്തമായി ഉപയോഗിക്കപ്പെടുന്നവർ പോലും ചിലപ്പോൾ ഇത് നിമിത്തം അപമാനിക്കപ്പെടുന്നു. അവിശ്വാസികൾ ഇതെല്ലാം കണ്ടു ചിരിക്കുന്നു. ദൈവമക്കൾ പരിഹസിക്കപ്പെടുന്നു. ദൈവനാമം ദുഷിക്കപ്പെടുന്നു. ഏലിയാവിന്റെ പുറകെ അഭിഷേകത്തിന്റെ പുതപ്പിനായി നടന്ന എലീശയെ കൂടെയുള്ള പ്രവാചക ശിഷ്യന്മാർ കളിയാക്കി. അവരുടെ യജമാനനായ ഏലിയാവ് എടുത്തുകൊള്ളപ്പെടും എന്നുള്ള ദൂത് അവർക്ക് അറിയാമായിരുന്നിട്ടും ഏലിയാവ് അഗ്നിമയമായ രഥങ്ങളോടും കുതിരകളോടും ഗൂടെ ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് കരേറിയിട്ടും മലയിലോ, താഴ്വരയിലോ വീണു കിടക്കുന്നവന്റെ ശവശരീരത്തിനായി അമ്പതു ബലശാലികളെ അവർ പറഞ്ഞയക്കുന്നു. അടുത്ത തലമുറയിൽ ദൈവത്തിനുവേണ്ടി ശക്തരായ പിൻഗാമികൾ ആയിത്തീരേണ്ടവർ വിശ്വാസമില്ലാത്തവരായി ഏലിയാവിന്റെ മരവിച്ചു കിടക്കുന്ന ശരീരം കാണുവാൻ കൊതിക്കയാണ്.

ഇന്നും ആത്മീയലോകത്തിൽ ദൈവത്താൽ പ്രയോജനപ്പെടുന്നവരുടെ തകർച്ചയും പരാജയവും കാണുവാൻ ആഗ്രഹിക്കുന്നവർ കുറവല്ല. ഇന്നുവരെ ദൈവത്തിനുവേണ്ടി ഒന്നും ചെയ്യാൻ കഴിയാതിരുന്നവർ, ഒരാളോടു പോലും സുവിശേഷം പറയാത്തവർ ദൈവം ഉപയോഗിക്കുന്ന അഭിഷിക്തന്മാരുടെ കുറ്റം കണ്ടുപിടിക്കാൻ വെമ്പൽ കൊള്ളുന്നു. സ്വന്ത ജീവിതത്തിലെ കുറവുകളിലേക്കും അപാകതകളിലേക്കും തിരിഞ്ഞു നോക്കുവാൻ, വിലയിരുത്തുവാൻ, മനംതിരിയുവാൻ മനസില്ലാതെ മറ്റുള്ളവരുടെ ജീവിതത്തിലെ കുറവുകൾ കണ്ടുപിടിക്കുവാനും അത് പരസ്യപ്പെടുത്തുവാനും കിണഞ്ഞു പരിശ്രമിക്കുന്നവരുടെ ഒരു കാലമാണിത്. സത്യത്തിൽ മറ്റുള്ളവരെ വിധിപ്പാൻ നമുക്ക് അനുവാദമുണ്ടോ? സകലരെയും വിധിപ്പാൻ കഴിവുള്ളവൻ ദൈവം മാത്രമല്ലയോ? ജീവിതത്തിന്റെ ചില മേഖലകളിൽ വിജയത്തോടെ നടക്കുന്നവർ അതെ മേഖലകളിൽ പരാജയപ്പെടുന്നവരെ പുച്ഛത്തോടെ വീക്ഷിക്കുകയും പരിഹസിക്കയും ചെയ്യുമ്പോൾ അവർ വിജയത്തോടെ നടക്കുന്ന ചില മേഖലകൾ വിമർശിക്കുന്നവർക്ക് പരാജയമായിരിക്കാം എന്നുള്ളത് അവർ തിരിച്ചറിയുന്നില്ല.

**പരസ്പരം ക്ഷമിക്കുവാനോ സഹിക്കുവാനോ തയ്യാറാകാതെ സോഷ്യൽ മീഡിയകളിലൂടെ , ഇന്റർനെറ്റിലൂടെ ഒക്കെ പരസ്പരം ചെളി വാരിയെറിയുമ്പോൾ ദുഷിക്കപ്പെടുന്നത് കർത്താവിന്റെ നാമം ആണ്.**

പാപം ഒഴികെ സകലത്തിലും പരീക്ഷിക്കപ്പെട്ടതും വിജയം വരിച്ചതും നമ്മുടെ കർത്താവ് മാത്രമാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ വിധിക്കുവാനും ശിക്ഷിക്കുവാനും തയ്യാറായി ഒരു കൂട്ടർ കർത്താവിന്റെ അടുക്കൽ വന്നപ്പോൾ അവളെ ശിക്ഷിക്കാതെ മാനസാന്തരപ്പെടുവാനും മടങ്ങിവരുവാനും വീണ്ടും പാപം ചെയ്യാതിരിപ്പാനും ഒരു അവസരം കൂടെ അവിടുന്ന് അവൾക്ക് നൽകുകയുണ്ടായി. ലോകമോഹങ്ങൾക്ക് അടിമപ്പെട്ടു വിശ്വാസത്തിൽ നിന്നു വീണുപോയ പിന്മാറ്റക്കാരുടെ കഥ ഗത്തിലും അസ്കലോൻ താഴ്വരകളിലും പ്രസ്താവിച്ചു കൊണ്ട് നടക്കുവാനാണോ ദൈവം നമ്മെ അഭിഷേകം ചെയ്തത്? എല്ലാം നഷ്ടപ്പെടുത്തിയിട്ടും മടങ്ങിവന്ന മകന് വീണ്ടും അവസരം നൽകുന്ന മനസലിവുള്ള പിതാവിന്റെ സ്നേഹം നമുക്ക് അവരിലേക്ക് പകരുവാൻ കഴിയുന്നുവോ?

പരാജയപ്പെട്ട വഴികളേക്കുറിച്ചുള്ള ബോധ്യം, അതിനു കാരണമായ പിശാചിന്റെ തന്ത്രങ്ങൾ, മടങ്ങി വരുന്നതിലെ ആനന്ദം, അതിനുള്ള അവസരങ്ങൾ, പ്രാർത്ഥനയുടെ കൈതാങ്ങലുകൾ അവർക്ക് നൽകുവാൻ നമുക്ക് ശ്രമിക്കാം. ചിലർ ശക്തരായി മടങ്ങിവന്നു ദൈവത്താൽ പ്രയോജനപ്പെടട്ടെ, അനുഗ്രഹിക്കപ്പെടട്ടെ. ഒരുമിച്ചു ശത്രുവിന്റെ കോട്ടകളെ തകർക്കാം, ദൈവരാജ്യം പണിയാം.






















# CONGRATULATIONS....SHINING STARS....

## CBSE 12th Grade Winners



**Leethu Chandran**
IPC Bethesda
The Indian School
Bahrain



**Joel George**
IPC Bethesda
The Indian School
Bahrain

## HH Inbox

ഓരോ പ്രാവശ്യവും വചനം പഠിക്കുവാൻ വളരെ അനുഗ്രഹമാകുന്നു ഹലോ ഹോപ്പ്. ബൈബിൾ കിസിൽ പങ്കെടുക്കുന്നതിലൂടെ ദൈവവചനം പഠിക്കുവാൻ സാധിക്കുന്നു.



–Johncy Vesily
IPC PCK Church Kuwait

# പാസ്റ്റർ തോമസ് സാമുവലിന് അവാർഡ്



ഈ വർഷത്തെ അറ്റവും മികച്ച ക്രൈസ്തവ ഗ്രന്ഥത്തിനുള്ള കേരളാ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ അവാർഡിനു് ടീയെസ് കപ്പമാംമൂട്ടിൽ (പാസ്റ്റർ തോമസ് സാമുവൽ) രചിച്ച 'വിശ്വസാഹിത്യത്തിലെ അനശ്വര സംഗീത'മെന്ന വ്യാഖ്യാന ഗ്രന്ഥം തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ഗ്രന്ഥത്തിനുള്ള അവാർഡ് ലഭിച്ച പാസ്റ്റർ തോമസ് സാമുവൽ ബഹ്റൈനിലെ വിശ്വാസ സമൂഹത്തിന് തികച്ചും സുപരിചിതനാണ്. ജോലിയോടും ആത്മീയ ശുശ്രൂഷകളോടുമുള്ള ബന്ധത്തിൽ രണ്ടര ദശാബ്ദങ്ങൾ ബഹ്റൈനിലായിരുന്നു അദ്ദേഹം. വിശ്വസാഹിത്യത്തിലെ അനശ്വരസംഗീതം, അനുരഞ്ജനങ്ങളുടെ ഇടത്താവളങ്ങൾ, ചരിത്രം സ്പന്ദിക്കുന്ന ഗോൽഗോഥാ എന്നിവയാണ്, ഗ്രന്ഥകർത്താവ്, കോളമിസ്റ്റ് തുടങ്ങിയ നിലകളിൽ ക്രൈസ്തവ സാഹിത്യ രംഗത്ത് അറിയപ്പെടുന്ന അദ്ദേഹം രചിച്ച കൃതികൾ. ഹെബ്രോൻ ഐ.പി.സി (ബി.പി.എ.) യുടെ ശുശ്രൂഷകനായും വിവിധ കാലഘട്ടങ്ങളിൽ എം.ഇ.പി.സി യുടെ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സഭാശുശ്രൂഷകൻ, വേദപണ്ഡിതൻ, ഗ്രന്ഥകർത്താവ് തുടങ്ങിയ നിലകളിൽ ബഹ്റൈൻ വിശ്വാസ സമൂഹത്തിന് സുപരിചിതനായ പാസ്റ്റർ എം.ടി. സാമുവലിന്റെയും, എൽസി സാമുവലിന്റെയും സീമന്ത പുത്രനാണ് പാസ്റ്റർ തോമസ് സാമുവൽ.






പാസ്റ്റർ ജി.പി. നിശ്ചൽ റോയി
തിരുവനന്തപുരം

## രൂത്തിന്റെ പുസ്തകം

*അനുവാചകർക്ക് ക്രിസ്തുയേശുവിൽ സ്നേഹവന്ദനം!*

സർവ്വൈവ കാലങ്ങളേയും സംബന്ധിക്കുന്ന ദൈവ തിരുഹൃദയത്തിലെ ആസൂത്രണ നിയന്ത്രണ പദ്ധതികൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന അനുഗ്രഹീത ഗ്രന്ഥമായ വിശുദ്ധ വേദപുസ്തകത്തിലെ എട്ടാമത്തെ ഗ്രന്ഥമാണ് രൂത്തിന്റെ പുസ്തകം. സ്ത്രീകളുടെ പേരിൽ അറിയപ്പെടുന്ന ബൈബിളിലെ രണ്ട് പുസ്തകങ്ങളിൽ ഒന്നാണ് രൂത്ത് (മറ്റൊന്ന് എസ്ഥേർ). എബ്രായ കാനോനിലെ 'ചുരുളുകൾ' എന്നർത്ഥം വരുന്ന 'മെഗില്ലോത്ത്' എന്ന മൂന്നാം വിഭാഗത്തിലെ രണ്ടാം പുസ്തകമാണ് രൂത്തിന്റെ പുസ്തകം.

ഒരു ചാർച്ചക്കാരനിലൂടെയുള്ള വീണ്ടെടുപ്പിന്റെ ചട്ടം ചിത്രീകരിച്ചിരിക്കുന്നതും ന്യായാധിപന്മാരുടെ കാലത്ത് യിസ്രായേലിലെ ജീവിത രീതിയെ സംബന്ധിച്ച ലളിതവും ചരിത്രപരവുമായ ഒരു രേഖയാണ് രൂത്തിന്റെ പുസ്തകം. ഈ പുസ്തകത്തിന്റെ പശ്ചാത്തലം വയൽ ആയതുകൊണ്ട് യെഹൂദന്മാർ കൊയ്ത്തുത്സവ നാളിൽ ഇത് വായിച്ചു വന്നു. പ്രശസ്ത യെഹൂദ ചരിത്രകാരനും യേശുക്രിസ്തുവിന്റെ സമകാലീനനും ആയ ജോസിഫസ് ഇതിനെ ന്യായാധിപന്മാരുടെ അനുബന്ധമായി കണക്കാക്കി.

## പുസ്തക വിശേഷം

ഒന്നാമദ്ധ്യായത്തിലെ ഒന്നാം വാക്യത്തിൽ പറഞ്ഞിരിക്കുന്ന...'ന്യായാധിപന്മാർ ന്യായപാലനം നടത്തിയ കാലത്ത്'... എന്ന ഭാഗം ന്യായാധിപന്മാരുടെ കാലത്തെ 11 വർഷത്തെ ഉൾപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ തിരുവെഴുത്തിൽ 'കാലത്ത്' എന്ന പദം 5 പ്രാവിശ്യമാണ് നമുക്ക് കാണാൻ കഴിയുന്നത് (രൂത്ത് 1:1, ഉല്പത്തി 14:1, എസ്ഥേർ 1:1, യെശയ്യാവ് 7:1, യിരമ്യാവ് 3:1). രൂത്തിന്റെ കാനോനിക പ്രാമാണ്യം ഒരിക്കലും വെല്ലുവിളിക്കപ്പെട്ടിട്ടില്ല. മത്തായി 1:5 ലെ യേശുക്രിസ്തുവിന്റെ വംശാവലിയിൽ രൂത്തിന്റെ പേര് ചേർക്കലിനെ യഹോവയാം ദൈവം നിശ്വസ്തമാക്കിയപ്പോൾ അതിന് വേണ്ടത്ര സ്ഥിരീകരണം ലഭിച്ചു. യഹൂദന്മാർ രൂത്തിനെ എല്ലായ്പോഴും എബ്രായ കാനോന്റെ ഭാഗമായി അംഗീകരിച്ചിട്ടുണ്ട്. അപ്പോൾ ഈ പുസ്തകത്തിന്റെ ശകലങ്ങൾ 1947 മുതൽ കണ്ടു പിടിക്കപ്പെട്ടിട്ടുള്ള ചാവുകടൽ ചുരുളുകളിലെ മറ്റു കാനോനിക പുസ്തകങ്ങളുടെ കൂട്ടത്തിൽ കണ്ടെത്തപ്പെട്ടതിൽ അതിശയോക്തിയില്ല. തന്നെയുമല്ല ദൈവ രാജ്യോദ്ദേശങ്ങളോടും മോശൈക ന്യായപ്രമാണ വ്യവസ്ഥകളോടും പൂർണ്ണമായി ഈ ഗ്രന്ഥം യോജിക്കുന്നു.

പുറംജാതിയരായ മോവാബ്യരുടെ ദേവനായ കെമോശിന്റെ മുൻ ആരാധികയായ രൂത്തിനെ കർത്താവ് അംഗീകരിക്കുന്ന സംഭവവിവരണം ദൈവസ്നേഹത്തിന്റെ മറ്റൊരു തലം ഈ പുസ്തകത്തിലൂടെ വരച്ചു കാട്ടിയിരിക്കുന്നു

## എഴുതിയകാലവും, കർതൃത്വവും

വേദപുസ്തകത്തിന്റെ ഒരു ഭാഗത്തും രൂത്തിന്റെ പുസ്തകം ആരെഴുതി എന്നതിന് തെളിവുകൾ ഇല്ല. 1,2 ശമുവേലും, ന്യയാധിപന്മാരുടെ പുസ്തകവും രൂത്തും ശമുവേൽ എഴുതിയെന്ന് യെഹൂദ മതഗ്രന്ഥമായ ബാബബത്രയിൽ (തൽമൂദ്) പറയുന്നു. ദാവീദിന്റെ പൈതൃകം കാണിക്കുവാൻ ശമുവേലോ ഒരു പക്ഷെ യെശയ്യാവൊ എഴുതിയ താകാം എന്നും അനുമാനിക്കുന്നു.

ന്യായാധിപന്മാർ ന്യായപാലനം ചെയ്യുന്ന കാലത്തെ ചരിത്രമാണ് രൂത്തിന്റെ പുസ്തകം. ദാവീദ് വളരെ പ്രസിദ്ധനായ ശേഷം പ്രവാസത്തിന് മുമ്പ് ഈ ഗ്രന്ഥം രചിക്കാനാണ് സാധ്യത കൂടുതൽ. പുസ്തകത്തിൽ പുരാതന കീഴ്വഴക്കങ്ങളെ വിശദമാക്കുന്നതിൽ നിന്നും ഇത് വ്യക്തമാണ് (4:1-12). ഏകദേശം 11 വർഷത്തെ ചരിത്രവിവരണം നടത്തുന്ന ഈ ഹ്രസ്വഗ്രന്ഥം ആരെഴുതിയെന്നൊ എപ്പോൾ എഴുതിയെന്നൊ വ്യക്തമായ കണക്കൊ രേഖകളൊ ഇല്ലായെന്നു തന്നെ പറയേിവരും.

## പ്രധാന വ്യക്തികൾ

### 1. രൂത്ത്

യിസ്രായേൽ ജനതയോടും അവരുടെ ദൈവത്തോടും കൂറുപുലർത്തുവാൻ വേണ്ടി തന്റെ ജാതിയ ബന്ധങ്ങളും പാരമ്പര്യങ്ങളും ഉപേക്ഷിച്ച് ബത്ലഹേമിൽ വന്നു ചേർന്ന ഒരു മോവാബ്യ വനിതയാണ് രൂത്ത്. സഖി, സൗഹൃദം, സൗന്ദര്യം എന്നൊക്കെ അർത്ഥമുള്ള രൂത്ത് എന്ന പദം 'റിയൂത്ത്' എന്ന എബ്രായ പദത്തിന്റെ രൂപാന്തരമാണ്. ന്യായാധിപകാലത്തിന്റെ ഇരുളടഞ്ഞ പശ്ചാത്തലത്തിൽ നിർവ്യാജ സ്നേഹത്തിന്റേയും നിഷ്കളങ്ക ഭക്തിയുടേയും വർണ്ണോജ്ജ്വലപ്രകാശം വിതറുന്ന രൂത്ത് എലിമലേക്കിന്റെ മൂത്ത മകൻ മഹ്ലോന്റെ (രോഗി) ഭാര്യയായിരുന്നു. യേശുക്രിസ്തുവിന്റെ വംശാവലിയിൽ ഇടംനേടിയ സ്ത്രീകളിൽ ഒരാൾ. വിവേകവും വിശ്വസ്തതയും ഉള്ളവരിൽ മകുടോദാഹരണം. സത്യ ദൈവത്തെ ഭജിപ്പാൻ അവസരം ലഭിച്ചപ്പോൾ പാരമ്പര്യത്തിന്റെ കെട്ടുപൊട്ടിച്ചെറിഞ്ഞവൾ. 10 തലമുറയുടെ ചരിത്രവിലക്കിനുശേഷം (ആവ.23:3) യഹോവയുടെ സന്നിധിയിൽ വരുവാൻ ഭാഗ്യം സിദ്ധിച്ചവൾ. ബൈബിൾ പ്രഭാഷണ വീരന്മാരുടെ ഇഷ്ടകഥാപാത്രങ്ങളിൽ ഒന്നായ രൂത്തിനെ കുറിച്ച് എത്ര വിവരിച്ചാലും മതിവരില്ല.

### 2. ബോവസ്

ന്യായാധിപന്മാരുടെ കാലത്ത് ബേത്ലഹെമിൽ പാർത്തിരുന്ന ഒരു ധനികനായിരുന്നു ബോവസ്. മോവാബിൽ നിന്നും മടങ്ങിയെത്തിയ നവോമിയുടേയും രൂത്തിന്റേയും ബന്ധു കൂടെയായിരുന്നു ബോവസ് (2:1). ദേവരനിയമ പ്രകാരമുള്ളവീണ്ടെടുപ്പിന് രൂത്തിനോടു ഏറ്റവും അടുത്ത ബന്ധമുള്ള ചാർച്ചക്കാരന് താല്പര്യമില്ലാതെ വന്നപ്പോൾ എല്ലാ കടപ്പാടുകളും ഏറ്റെടുത്ത് രൂത്തിനെ വിവാഹം ചെയ്തുകൊണ്ട് നല്ല വീണ്ടെടുപ്പുകാരൻ എന്ന പേര് നേടിയ ബോവസ്, ദാവീദിന്റെ പിതാമഹനും ആയിരുന്നു.

(ബോവസ് എന്ന പേരിൽ ശലോമോൻ പണിത ദേവാലയ വാതില്ക്കൽ മണ്ഡപത്തിന്റെ ഇടത്തു ഭാഗത്ത് നിറുത്തപ്പെട്ടിരുന്ന ഒരു തൂൺ ഉണ്ടായിരുന്നു. വലത്തു ഭാഗത്ത് നിറുത്തിയിരുന്നു തൂണിന് യാഖീൻ എന്നു പേർ - 1 രാജാ.7:15-22, 2 ദിന.3:13-17)

## പ്രധാന സ്ഥലങ്ങൾ

### 1. മോവാബ്

സോദോമിന്റെ നാശത്തിനുശേഷം ലോത്തിന് മൂത്ത മകളിൽ ജനിച്ച മോവാബിന്റെ സന്തതികൾ പാർത്ത സ്ഥലം. സോവാറിന്റെ പരിസരത്ത് നിന്നായിരുന്നു ഇവരുടെ ആരംഭം. മോവാബ് ദേശത്തിന് 3 ഭാഗങ്ങൾ ഉണ്ടായിരുന്നു.

**a)** മോവാബ് നിലം (1:1,2) - ചാവുകടലിന്റെ തീരം. പ്രകൃതി ദത്തമായ ദുർഗ്ഗങ്ങൾക്കുളളിലെ സ്ഥലം
**b)** മോവാബ് ദേശം - അർന്നോനിൽ നിന്നും ഗിലയാദ് കുന്നുകൾ വരെ വ്യാപിച്ചു കിടക്കുന്ന തുറസ്സായ നാട്ടിൻപുറം
**c)** മോവാബ് സമഭൂമി (സംഖ്യ.22:1) - യോർദ്ദാൻ താഴ്വരയിലെ പ്രദേശം. പിന്നീട് അമോര്യരാജാവായ സീഹോൻ കൈക്കലാക്കിയ പ്രദേശം

### 2. ബേത്ത്ലഹെം (അപ്പത്തിന്റെ ഭവനം)

യെരുശലേമിന് 8 കി.മീ. തെക്ക് പടിഞ്ഞാറായി കിടക്കുന്ന പട്ടണം. ഈജിപ്റ്റിലേയും ഹെബ്രോനിലേക്കുമുള്ള പ്രധാന പാതയിൽ യെഹൂദ മലമ്പ്രദേശത്ത് സമുദ്രനിരപ്പിൽ നിന്നും 777 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. യെരുശലേമിനേക്കാളും ഉയരത്തിലാണ് ബേത്ത്ലഹെമിന്റെ സ്ഥാനം. പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശമാണെങ്കിലും ഒലിവും മുന്തിരിയും പയറു വർഗ്ഗങ്ങളുമാണ് ഇവിടുത്തെ പ്രധാന കൃഷി.

പഴയ നിയമത്തിൽ യിസ്രായേൽ രാജാവായ ദാവീദിനോടു ബന്ധപ്പെട്ടാണ് പ്രാധാന്യമർഹിക്കുന്നതെങ്കിൽ പുതിയ നിയമത്തിൽ യേശുക്രിസ്തുവിന്റെ ജനനത്തോടുള്ള ബന്ധത്തിലാണ് കീർത്തിയുടെ പരമകോടിയിൽ എത്തിയത്.

## സ്ഥിതി വിവര കണക്കുകൾ

യിസ്രയേലിലെ ഒരു പ്രവാചകനിലൂടെ നല്കപ്പെട്ട എന്തെങ്കിലും ഒരു സന്ദേശമോ, ദൂതോ, പ്രവചനമോ ഇല്ലാത്ത വേദപുസ്തകത്തിലെ ആദ്യത്തെ പുസ്തകമായ രൂത്തിൽ 8 അദ്ധ്യായങ്ങളും 85 വാക്യങ്ങളുമാണുള്ളത്. 30 ആജ്ഞകളും (കല്പന) 2 വാഗ്ദത്തവും ഇതിലുണ്ട്.

വിചിത്ര സുന്ദരമായ ഒരു സംഭവ കഥയെ ആവിഷ്കരിക്കാനായി എഴുതപ്പെട്ട ഈ ചെറുഗ്രന്ഥം നമ്മുടെ ആത്മീയ ജീവിതത്തിന് എന്നും ഒരു മുതൽകൂട്ട് തന്നെയാണ്.





## "ഹലോ ഹോപ്പ്" ഓൺലൈനിൽ

ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓൺലൈനിൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ, ഇന്ത്യ, സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ്, കുവൈറ്റ്, നേപ്പാൾ, അയർലന്റ്, തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിക്കുന്നു. എല്ലായിടത്തും ഇതിന്റെ പ്രിന്റ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Read Online:**
**www.godsownlanguage.com/mal/Magazines/Hello_Hope**

# ഗുരുസമക്ഷം

HH Sisters' Outlook



ബിന്ദു ബിജു, ഡൽഹി

ഒരിക്കൽ ഒരു ക്രിസ്തീയ സഹോദരി ദർശനം കണ്ടു. അവളും മറ്റ് രണ്ട് സഹോദരിമാരും ഒരു സ്ഥലത്ത് മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഗുരുനാഥൻ അവരുടെ സമീപമെത്തി. കർത്താവ് ആദ്യത്തെ സഹോദരിയുടെ സമീപത്ത് ചെന്ന് കാരുണ്യം കവിഞ്ഞൊഴുകുന്ന മുഖഭാവത്തോടുകൂടി അവളെ നോക്കി. അവന്റെ മന്ദസ്മിതത്തിൽ പ്രകാശിച്ച സ്നേഹം നാവുകളിൽനിന്നും ഒരു മധുരസംഗീതം പോലെ അടർന്നു വീണു. ആ ആശ്വാസ വാക്കുകൾ അനുഗ്രഹമാരിപോലെ അവളുടെ ഉള്ളം കുളിർപ്പിച്ചു.

അതിനുശേഷം ഗുരുനാഥൻ മറ്റേ സഹോദരിയെ സമീപിച്ചു. അവളുടെ കുനിഞ്ഞ ശിരിസ്സിൽ സ്നേഹത്തിന്റെ കരങ്ങൾ വെച്ച് അംഗീകാരത്തിന്റെ സ്പർശനമുതിർത്തതിനുശേഷം അവൻ വീണ്ടും നടന്നു. എന്നാൽ ഇവളെ അവൻ ശ്രദ്ധിച്ചതുപോലുമില്ല. ആദ്യത്തെ രണ്ട് സഹോദരിമാരെ അവൻ എത്രമാത്രം സ്നേഹിച്ചു. എന്നാൽ എന്നെ അവൻ ഒട്ടും തന്നെ ഗൗനിച്ചില്ലല്ലോ. 'കർത്താവേ, നീ ഇപ്രകാരം എന്നോട് ചെയ്തതെന്തുകൊണ്ട് ?'. സംശയത്തോടുകൂടി ആ ക്രിസ്തീയ സഹോദരി കർത്താവിനോട് ചോദിച്ചു.

കർത്താവ് ഉടനെ അവളുടെ സമീപമെത്തി. ഇപ്രകാരം പറഞ്ഞു 'കുഞ്ഞേ, നീ എന്നെ തെറ്റിധരിച്ചിരിക്കുന്നു. ആദ്യത്തെ സഹോദരിക്ക് എന്റെ സ്നേഹവും ആശ്വാസവും അത്രയ്ക്ക് ആവിശ്യമായിരുന്നു. അതവൾക്ക് ലഭിക്കാതിരുന്നുവെങ്കിൽ അവൾ തളർന്ന് വീഴുമായിരുന്നു. രണ്ടാമത്തെ സഹോദരി കൂടുതൽ വിശ്വാസവും ഉറപ്പുമുള്ളവളായിരുന്നു. അതാണ് ഞാനവൾക്ക് അംഗീകാരത്തിന്റെ പുഞ്ചിരി സമ്മാനിച്ചത്. എന്നാൽ നീയാവട്ടെ ഉദാത്തമായ വിശ്വാസവും സ്നേഹവുമുള്ളവളാണ്. ശ്രേഷ്ഠവും വിശുദ്ധവുമായ ചില ശുശ്രൂഷകൾക്കുവേണ്ടി നിന്നെ ഞാൻ തയ്യാറാക്കുകയാണ്. നീ എന്നെ അഗാധമായി സ്നേഹിക്കുന്നു. എന്നിൽ നിന്നും പുറമെയുള്ള യാതൊരു പ്രോത്സാഹനവും ലഭിച്ചില്ലെങ്കിലും നീ നിരാശയാവുകയില്ലെന്ന് എനിക്കറിയാം'.

# പ്രസംഗിക്കുക...



Dr. Hope

പ്രസംഗക്കുറിപ്പുകൾ

പാസ്റ്റർ വിനിൽ സി ജോസഫ്

1. 2 തിമൊ.4:2 – വചനം പ്രസംഗിക്കുക
2. 2 തിമൊ.2:15 – സത്യവചനം യഥാർത്ഥമായി പ്രസംഗിക്കുക
3. തീത്തോ.2:15 – പൂർണ്ണ ഗൗരവ്വത്തോടെ പ്രസംഗിക്കുക
4. 1 കൊരി.15:12 – ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ പ്രസംഗിക്കുക
5. 2 കൊരി.10:14 – ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക
6. ലൂക്കോ.8:1 – ദൈവരാജ്യം പ്രസംഗിക്കുക
7. മർക്കൊ.6:12 – മാനസാന്തരം പ്രസംഗിക്കുക
8. പ്രവൃത്തി 9:20 – യേശു ദൈവപുത്രൻ എന്ന് പ്രസംഗിക്കുക
9. പ്രവൃത്തി 17:18 – പുനഃരുത്ഥാനത്തെക്കുറിച്ച് പ്രസംഗിക്കുക
10. പ്രവൃത്തി 26:20 – യോഗ്യമായ പ്രവർത്തിയെക്കുറിച്ച് പ്രസംഗിക്കുക






Raji Unnikrishnan

The distance between me and death is only a breath, which could cease any minute or after all those human attempts to prolong it, at the mercy of machines. There used to be a point in life when death was associated with "old age" – well, the definition of the phrase varied – then and now. During my school and college days, I hardly remember of people dying of cardiac arrests in their 30s and 40s. Growing older, my brain remained committed to my understanding that only "old" people died – well my definition was people in their 70s or 80s perhaps. Into the 40s club, still, death and age shared an inseparable link, but the figure lowered - yes people do die in their 60s - so said the heart and the brain was convinced.

Then reality hit me hard for the first time a couple of years ago when death snatched a precious friend, who matched me in her age. Well, this time the wise brain convinced the emotional heart - she had cancer.

Early this year, my school buddy and a colleague, both just vanished beyond the veil in a jiffy, without even giving a moment to catch up. I looked at the mirror and "age" grinned at me. Wit and sentiments equally failed this time and the mirror seemed to whisper - death was around. That was a full toss, the realisation that people on my age could die! Yes, all now is a bonus – it could be it few years, months, weeks or days and maybe even the next moment my name could be prefixed with "late". That was scary a thought and honestly,

I went to bed with a heavy heart, not wanting to accept the inevitability of death, asking God to keep me safe – yes, I wanted to live, longer. Days on, the inexplicable fear lingered. It always took a while, reading and praying, to get to sleep or be easy about it.

Finally, as the saying goes, every cloud has a silver lining – one morning I woke up lighter and with a greater reassurance, finding myself opening to the verse - "Where, O death, is your victory? Where, O death, is your sting?" (I Corinthians 15:55). I felt magic and as I sat quiet, a gentle whisper echoed within - all you need is to be ready to embrace God's love... Yes, each day, is a step closer to Jesus' bosom and all I need is to keep a check on – "Am I ready?"

That moment I was bold enough to look at death, straight into the eyes and say "Death be not proud!" (John Donne)

"For God hath not given us the spirit of fear; but of power, and of love, and of a sound mind." 2 Timothy 1:7

*A Sparrow*






തോമസ് തോമസ്

**ആമുഖം**

ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം (1 കോരി.9:16)

സുവിശേഷത്തിന്റെ സാരാംശം യേശുക്രിസ്തുവാണ്. പ്രത്യുത അന്തസത്ത യേശുക്രിസ്തുവാണ്. ക്രൂശിക്കപ്പെട്ട ക്രിസ്തുവില്ലാത്ത സുവിശേഷം സുവിശേഷം അല്ല.

സുവിശേഷം എന്ന വാക്ക് 'യൂആംഗലിറ്റ്സോ' എന്ന ഗ്രീക്കുവാക്കിൽ നിന്നും ഉടലെടുത്തതാണ്. ഈ വാക്കിന്റെ അർത്ഥം നല്ലവാർത്ത എന്നാണ്. ഈ വാക്കിന് സുറിയാനി ഭാഷയിൽ 'ഏവൻഗേലിയോൻ' എന്നു വിളിക്കുന്നു. ഇതിന്റെ അർത്ഥം ഗോസ്പൽ, ഗുഡ്ന്യൂസ് എന്നിങ്ങനെ ഇംഗ്ലീഷിലും സുവിശേഷം, സദ്വർത്തമാനം, സന്തോഷസന്ദേശം, വിജയാഹ്ളാദവാർത്ത എന്നിങ്ങനെ മലയാളത്തിലും മനസ്സിലാക്കുന്നു. ആംഗ്ലേയ ഭാഷയിൽ സുവിശേഷം എന്ന പദത്തിന് ഗോഡ്-സ്പെൽ എന്നാണ് കൊടുത്തിരിക്കുന്നത്. പ്രസ്തുത പദത്തിന്റെ അർത്ഥം ദൈവശബ്ദം അഥവ ദൈവവചനം എന്നാണ് ഉപയോഗിച്ചിരിക്കുന്നത്.

**നിർവചനം**

ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക അത് ആകുന്നു എന്റെ സുവിശേഷം (2 തിമൊ. 2:8). വചനമാകുന്ന യേശുക്രിസ്തുവിനെ ലോകത്തിന് പ്രദർശിപ്പിച്ച ദൈവത്തിന്റെ ദൂത് ആകുന്നു സുവിശേഷം.

**നാമകരണങ്ങൾ**

1. ക്രിസ്തുവിന്റെ സുവിശേഷം - മർക്കൊ. 1:1, 1 കൊരി. 9:12
2. ദൈവരാജ്യത്തിന്റെ സുവിശേഷം - മത്താ. 1:14, അപ്പൊ.പ്രവ. 8:12
3. ദൈവകൃപയുടെ സുവിശേഷം - അപ്പൊ.പ്രവ. 20:24
4. സമാധാനത്തിന്റെ സുവിശേഷം - എഫെ. 6:15
5. തേജസ്സുള്ള സുവിശേഷം - 2 കൊരി. 4:4
6. മഹത്വമുള്ള സുവിശേഷം - 1 തിമൊ. 1:11

**സുവിശേഷം ആർക്കു വേണ്ടി?**

1. സുവിശേഷം സകലമനുഷ്യർക്കും 'രക്ഷക്കായി' ദൈവശക്തിയാകുന്നു - റോമ. 1:16
2. ഇത് സകലജാതികൾക്കും ഉള്ള സുവിശേഷം ആകുന്നു - മർക്കൊ. 13:10

ഒരു പ്രത്യേക ജനത്തിനോ പ്രത്യേക ജാതിക്കോ യഹൂദനോ ഉള്ളതല്ല, ക്രിസ്ത്യാനി എന്നു പേരുള്ളവനുവേണ്ടി മാത്രമുള്ളതോ അല്ല. താണവനും ഉയർന്നവനും, പണ്ഡിതനും പാമരനും, രാജാവിനും ഭിക്ഷുവിനും, ആദിവാസിക്കും ചേരിവാസിക്കും, കുറ്റവാളിക്കും, തീരാവ്യാധി ഉള്ളവനും എന്നുവേണ്ട ഏതു തുറയിൽ ഉള്ളവനും വേണ്ടിയുള്ളതാണ് സുവിശേഷം. കുറച്ചുകൂടി വ്യക്തമാക്കിയാൽ സകല മനുഷ്യർക്കും വേണ്ടിയുള്ളതാണ്. പാപത്തിന്റെ ചതിയിൽ അകപ്പെട്ട് ദൈവസംസർഗ്ഗം നഷ്ടപ്പെട്ട മനുഷ്യനെ ദൈവത്തോട് നിരപ്പിക്കുന്ന സുവിശേഷം പാപമോചനം എന്ന വീണ്ടെടുപ്പ് ദൂതാകുന്നു.

**സുവിശേഷത്തിന്റെ പ്രത്യേകതകൾ**

1. മരണം നീക്കുന്നതാണ് - 1 കൊരി. 15: 54-56
2. ജീവനും അക്ഷയതയും വെളിപ്പെടുത്തുന്നതാണ് - 1 തിമൊ. 1:10
3. ഇത് ക്രൂശിന്റെ വചനം - 1 കൊരി. 1:18,23, റോമ. 1:23
4. നിത്യ ശിക്ഷാവിധിയിൽ നിന്നും എന്നുവെച്ചാൽ അഗ്നിനരകത്തിൽ നിന്നും രക്ഷ നൽകുന്ന ദൂതാകുന്നു - റോമ. 8:1, വെളി. 20:15

വ്യത്യാസം - സാത്താന്റെ അടിമത്വത്തിൽ പാപത്തിന്റെ താല്കാലിക ഭോഗങ്ങളിൽ ജീവിതം ഹോമിച്ച് നിരാശയിലും ശാപത്തിലും അസമാധാനം അനുഭവിക്കുന്ന ജീവിതത്തിൽ സന്തോഷവും സമാധാനവും ലഭിക്കുകയാണ് മനുഷ്യന്റെ ആവശ്യം. ഇതു ലഭിക്കുന്നതിന് ഏക മാർഗ്ഗമേയുള്ളൂ. അത് മനുഷ്യന്റെ സൃഷ്ടാവായ ദൈവത്തോടുകൂടെയുള്ള നിരപ്പാണ്. ദൈവവുമായുള്ള ശരിയായ ബന്ധമാണ് മനുഷ്യന്റെ അടിസ്ഥാന ആവശ്യം എന്നു പറയാം. ഇതു സാദ്ധ്യമാക്കുവാൻ മനുഷ്യൻ സ്വയമായിട്ട് എന്ത് പ്രവൃത്തി ചെയ്താലും സാധിക്കില്ല. മതങ്ങൾ പാപക്ഷമയും, രക്ഷയും, സമാധാനത്തിനും മുക്തിക്കും വേണ്ടി അചാരനുഷ്ഠാനങ്ങളാൽ മനുഷ്യനെ അന്ധകാരത്തിൽ അടയ്ക്കുമ്പോൾ സുവിശേഷം (യേശുക്രിസ്തു) പാപക്ഷമയും നിത്യജീവനുമായിട്ട് വിശ്വസിച്ച് ഏറ്റുപറഞ്ഞ് അവകാശമാക്കുക എന്ന ദൈവോദ്ദേശം വിളംബരം ചെയ്യുന്നു (റോമ. 10:9).

മനുഷ്യമനോമുഖരത്തിൽ മിന്നിമറയുന്ന ആശയങ്ങളുടെ (അഭിപ്രായങ്ങളുടെ) കൂമ്പാരമായ മതമല്ല സുവിശേഷം (ക്രിസ്ത്യാനിത്വം). മനുഷ്യനെ മഹോന്നതനുമായി മനോരഞ്ജിപ്പിക്കുന്ന മാർഗ്ഗമത്രെ സുവിശേഷം.

(തുടരും)







### Ingredients :-

1. Kiwi – 2
2. Yoghurt – 1 cup
3. Stevia – According to taste
4. Mint Leaves – ½ cup
5. Chia Seeds – ½ tea spoon

### Method :-

Blend well the 1st four ingredients. Add chia seeds and serve.





Susamma Kurian



ജീമോൻ പഴയിടം
മൂന്നാർ






മേഘത്തിൽ നിന്നും താഴെ വിവിധ സ്ഥലങ്ങളിൽ പതിച്ച മഴ തുള്ളികൾ നാളുകൾക്കു ശേഷം ഒരിടത്ത് കണ്ടുമുട്ടി. തങ്ങൾ കടന്നുപോയ ദിനങ്ങളിലെ സന്തോഷകരമായ സന്ദർഭങ്ങളെ ഓരോരുത്തരും സന്തോഷത്തോടെ വിവരിച്ചു.

ഒരാൾ പറഞ്ഞു ഞാൻ വീണത് വളരെ വൃത്തിയുള്ള മനോഹരമായ രണ്ടു കൈകളിലാണ്. അവരെന്നെ വളരെ സന്തോഷത്തോടെ പാനം ചെയ്തു. അടുത്തയാൾ പറഞ്ഞു ഞാൻ വീണത് ഒരു ചിപ്പിക്കുള്ളിലാണ്. ഞാൻ പിന്നീട് വിലയേറിയ മുത്തായി. പലരുടേയും പല വിവരണത്തിലും ഒരാൾ മാത്രം മൗനമായി നിന്നു. മറ്റുള്ളവർ ചോദിച്ചു നീയെന്താ മിണ്ടാത്ത് നിന്റെ സന്തോഷകരമായ ദിനങ്ങളെ ഞങ്ങളോട് പറയൂ.

ആ മഴത്തുള്ളി സങ്കടത്തോട പറഞ്ഞു ഞാൻ വീണത് ഒരു അഴുക്ക് ചാലിലാണ്. എന്നെ ആരും തങ്ങളുടെ കാലുകൾ കഴുകാൻ പോലും സ്വീകരിച്ചില്ല. വെറുപ്പോടെയാണ് അവർ എന്നെ നോക്കിയത് പോലും.

സ്നേഹിതരെ, നമ്മെ മറ്റുള്ളവർ വീക്ഷിക്കുന്നതും ഇപ്രകാരമാണ്. നാമാരാണ് എന്നല്ല, മറിച്ച് നാമാരോടാണ് ചേർന്ന് നിൽക്കുന്നു എന്നതിലാണ് ശ്രേഷ്ടത. ക്രിസ്തുവെന്ന യാതൊരു മാലിന്യവുമില്ലാത്ത ശ്രേഷ്ഠ സ്നേഹിതനോട് നമുക്ക് ചേർന്നു നിൽക്കാം. നമ്മിലൂടെ സ്ഫടികതുല്യമായ ക്രിസ്തു ഗുണങ്ങളെ മറ്റുള്ളവർ വീക്ഷിക്കുവാൻ ഈ നല്ല സുഹൃത്തിനെ ജീവിതത്തോട് ചേർത്ത് പിടിപ്പാൻ നമുക്ക് ശ്രമിക്കാം.

ഫിലിപ്പ്യ സഭയ്ക്ക് ഉപദേശ സത്യങ്ങളെ എഴുതിയപ്പോൾ പൗലോസ് ഇപ്രകാരം ഓർപ്പിക്കുന്നു 'ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ'.

Knowledge Cafe

Jijo Angamaly

# BIBLE QUIZ 16

1. തടവിലുള്ളവരോട് പ്രസംഗിച്ചവനാണ് പൗലോസ്. എന്നാൽ തടവിലുള്ള ആത്മാക്കളോട് പ്രസംഗിച്ചതാര് ?
2. രക്തം കൊണ്ട് മലിനമായിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നത് ഏത് പട്ടണത്തോടുള്ള ബന്ധത്തിൽ ?
3. ഒറ്റ യുദ്ധത്തിൽ ഇദ്ദേഹത്തിന്റെ 1000 രഥങ്ങൾ നഷ്ടപ്പെട്ടു. രാജാവാര് ?
4. കാളയെപ്പോലെ പുല്ലു തിന്ന മനുഷ്യനാണ് നെബുഖദ്നേസ്സർ. എന്നാൽ കാളയെപ്പോലെ പുല്ലുതിന്ന ജീവി ഏത് ?
5. ഉപ്പു താഴ്‌വരയിൽ വച്ച് പതിനെണ്ണായിരം അരാമ്യരെ കൊന്ന രാജാവാര് ?
6. ദൂതന്മാർക്കോരോരുത്തർക്കും ഓരോ ദൗത്യമാണ്. ഇവയിൽ ബുദ്ധി ഉപദേശിക്കുന്ന ദൂതനാര് ?
7. ഇരുപതൊൻപതാം വയസ്സിൽ പിതാവായ പഴയനിയമ കഥാപാത്രം ?
8. ഓരോ കാറ്റിനും ഓരോ ദൗത്യം. ഇവയിൽ മഴകൊണ്ടു വരുന്ന കാറ്റേത് ?
9. പെണ്ണാടിനെ അനുവദിച്ചിരിക്കുന്ന യാഗമേത് ?
10. സ്വന്ത മകനെക്കാൾ ദൈവത്തെ ബഹുമാനിച്ച പിതാവ് അബ്രഹാം. എന്നാൽ ദൈവത്തേക്കാൾ സ്വന്തമക്കളെ ബഹുമാനിച്ച പിതാവാര് ?

---

1. Paul preached to the men in prison, but who preached to the spirits in prison?
2. Name the city defiled with blood?
3. Name the king who lost 1000 chariots in single war?
4. Nebuchadnezzar is the one who ate grass like an ox, but which living being eats grass like an ox?
5. Name he king who killed eighteen thousand Syrians in the Valley of Salt?
6. Angels have different duties to perform. Which angle came forth to give skill to understand?
7. Name the Old Testament character who became father at the age of 29?
8. Which wind brings forth rain ?
9. Which sacrifice allows offering female lamb?
10. Abraham honored God more than his son, but who honored his sons more than God?

# PUZZLE 16

**Rearrange the letters and find out 10 Bible heroes!**

1. *Jaileh*
2. *Henteps*
3. *Ulpa*
4. *Bamhara*
5. *Lisas*
6. *Anho*
7. *Raash*
8. *Nana*
9. *Ossem*
10. *Utist*

E-mail : hhgulfnews@gmail.com Whatsapp : 00973 38383399

ഉത്തരങ്ങൾ ഓഗസ്റ്റ് 20–ന് മുമ്പായി അയക്കുക

**Kindly send the answers by 20th August**

## WINNERS -15

(Through draw out of correct entries)



**Bible Quiz**
**Lizy Varghese**
*(Sharon Fellowship Church, Bahrain)*



**Puzzle**
**Kesiya Elsa John**
*(Grace Family International, Bahrain)*

## ശരി ഉത്തരങ്ങൾ — Issue #15 - July 2018

### ബൈബിൾ ക്വിസ്

1. നഫ്താലി, സെബുലൂൻ – Judj. 4:6
2. അബ്ശാലോം – 2 Sam.15:3
3. നിക്കൊപ്പൊലിസ് – Titus 3:12
4. രായസക്കാരൻ – Jere.36:10
5. എപ്പഫ്രാസ് – Colo.4:12
6. കിയൂൻ – Amos 5:26
7. മക്കദോന്യ – 2 Cori.8:2
8. ശാസ്ത്രിമാർ – Luke 20:46,47
9. യോന – Jona.2:2
10. ഏദോം – Obed.15

### Puzzle

PASSOVER

1. Pray (1 Thessa.5:17)
2. Abraham (Gene.18:19)
3. Sparrow (Matt.10:29)
4. Sardis (Rev.3:1)
5. Once (Heb.7:27)
6. Vine (John 15:17)
7. Esau (Gene.33:4)
8. Revalation

## KINDLY NOTE A FEW IMPORTANT POINTS

*The prime aim behind Hello Hope Knowledge Cafe is to encourage everybody to have a deep knowledge of the Word of God. We are happy to get a great response as we receive hundreds of entries for each issue and the names of those who send correct answers are published accordingly. Quiz Master is dedicating his time and a lot of effort in preparing it. Let us request your attention to the following points upon our feedback:*

1. Kindly do not send answers in the names of your children, if the answers are found by the parents. By doing so, an opportunity for your children to learn the Word of God will be lost. We may also contact the sender in case of doubtful entries for the sake of children.
2. Do not share the answers with others until the next issue comes out.
3. Eventhough, it's fair to discuss with others to find the answers, do not try to copy the answers found by someone else.
4. We were surprised to see forwarded answers without deleting the original names.
5. If we can get appreciation certificate by our faithful acts before God, it will be a great example for others.

## Bible Quiz & Puzzle
### Those who sent correct answers — Issue 15

1.Lizy Varghese, Sharon Fellowship Church
2.Glorymol John, Sharon Fellowship Church
3.Annie Regi, Immanuel IPC
4.Annie Abraham, Immanuel IPC
5.Mary Francis, Immanuel IPC
6.Johncy Vesily, IPC PCK Church Kuwait
7.Reji Poulose, IPC Bethesda
8.Jolly Yesudasan, IPC Bethesda
9.Shaja Jayakumar, IPC Bethesda
10.Alfi B.S, IPC Bethesda
11.Soja Baby Rajan, IPC Bethesda
12.Suja Thomas, IPC Bethesda
13.Thankachen V.M, Manama Brethren Assembly
14.Annie Johnson, Manama Brethren Assembly
15.Blessy Lijo, Manama Brethren Assembly
16.Sherija Josh, IPC Parassala
17.Susan Shaji, Gilgal COG, Sharjah, UAE
18.Alice Issac Sunny, Church of South India, Mavelikkara
19.Princy Nidhin,IPC Bahrain
20.Jochebed Susan Thomas, IPC Bahrain
21.Lijo Arocky, IPC Sreekaryam, Trivandrum
22.Suja James, Church of God, Kuwait
23.Siji Joy, IPC Thekkumbhagam, Thodupuzha
24.Sherin Varghese, Nirmal Ministries, Nepal
25.Alice George, The Full Gospel Church of Suvartha
26.Sajini Brijesh, CGFG Prayer Fellowship
27.Geena K Reji, IPC Bethesda Worship Centre, Kumarapalayam, Erode
28.K J Johnson, IPC Hebron
29.Joice John Johnson, IPC Hebron
30.Jessy Anish, Immanuel Church, KSA
31.Feba Mariyam Varghese, Immanuel Global Mission, Dublin, Ireland
32.July Binu, BBA, Majlis
33.Sherin shaju, BBA Majlis
34.Blessy Blesson, Indian Revival Assembly
35.John K Paul, IPC Abudhabi, UAE
36.Daniel Eappachan, HISGA COG, Riyadh, KSA
37.Ajeena Dileesh, IPC Bethel
38.Molly Abraham, COG Mukkada, Kottayam
39.Beula Ravi, Gilgal Church of God
40. Jiji Alex, COG In India, Onnamkutty, Pathanapuram
41. Biji John, Hopeshore IPC

### Puzzle Only

1. Nissy Anna Varghese, IPC Shalom
2. Sophy Sam, IPC Shalom
3. Helen Grace, Christ Church International
4. Hesphsiba Ann Roy, Christ Church International
5. Aneeta Thomas, AG
6. Daniel Thomas, AG
7. Ann Elizabeth, AG
8. Ashish T Tom, AG
9. Rincy Gracy Roy, Sharon Fellowship Church
10. Arya Anil, Sharon Fellowship Church
11. Jency Prince, Sharon Fellowship Church
12. Metty Shibu, Sharon Fellowship Church
13. Daniel Lal, Immanuel IPC
14. Wesily George, IPC PCK Church, Kuwait
15. Bezalel Benny, IPC Bethesda
16. Subin P Sunny, IPC Bethesda
17. Ambily Thomas, IPC Bethesda
18. Feby Hanna Reji, IPC Bethesda
19. Binu Benoy, IPC Bethesda
20. Kesiya Elsa John, Grace Family International Church
21. Dawn Ann Manoj, IPC Bahrain
22. Nissy Saju, IPC Bahrain
23. Deborah Sara Jaison, IPC Bahrain
24. Reshma Jerin, The Full Gospel Church of Suvartha
25. Saumya Thomas, Church of God, Aali
26. Chris John Johnson, IPC Hebron
27. Nancy vinay, IPC Hebron
28. Jeny Shibin, New India COG, Thiruvalla
29. Dave Valzan George, BBA, Majlis
30. Sneha Grace Oommen, The Full Gospel Church of Philadelphia
31. Jelin Franko, Gilgal Church of God
32. Judith Franko, Gilgal Church of God
33. Aleena Susan Shibu, Ghafool Brethren Assembly
34. Radhakrishnan, IPC Tamil Church
35. Jeena Tiju, Bahrain
36. Brijil Bobby, Bahrain Church of Living God
37. Chris Johnson, Bahrain Church of Living God
38. Sinimol Joby, Rehoboth Revival Church

### Bible Quiz only

1. Anitha Roy, Christ Church International
2. John Joseph, AG Church
3. Siju Joshwa, IPC Bahrain
4. Sunil Silvester, Independent Church of God, Alapuzha
5. Ani Satheesh, IPC Ebenezer, Poovathoor, Pullad, pathanamthitta
6. Anie Mathew, CGFG Subhash Nagar, New Delhi
7. Kunjumol Saji, CGFG Prayer Fellowship
8. Sabitha Sujith, CGFG New Delhi
9. Bincy Sibi, Indian Revival Assembly
10. Scici Jaison, New India COG, Aroor, Ernakulam

## പ്രത്യേക ശ്രദ്ധയ്ക്ക്

*ഹലോ ഹോപ്പ് ബൈബിൾ ക്വിസും പസിലും നടത്തുന്നതിന്റെ പിമ്പിലുള്ള ലക്ഷ്യം എല്ലാവരും ദൈവവചനം ആഴത്തിൽ പഠിക്കണം എന്നുള്ളതാണ്. നൂറുകണക്കിന് ഉത്തരങ്ങൾ ലഭിക്കുന്നതിൽ നിന്ന് ശരിയുത്തരമയയ്ക്കുന്നവരുടെ പേരുകൾ മാത്രമാണ് പ്രസിദ്ധീകരിക്കുന്നത്. ഓരോ മാസവും വളരെയധികം കഠിനാദ്ധ്വാനവും സമയവും ചിലവഴിച്ചാണ് ക്വിസ്സ് മാസ്റ്റർ ഇത് തയ്യാറാക്കുന്നത്. അടുക്കും ചിട്ടയോടും കൂടെ പഠിച്ചാൽ നിങ്ങൾക്ക് ദൈവവചനം കൂടുതൽ മനസിലാക്കാൻ കഴിയും. എന്നാൽ ഞങ്ങൾക്ക് നേരിട്ട് ബോധ്യപ്പെട്ട ചില കാര്യങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വസ്തുതകൾ അറിയിക്കട്ടെ:*

1. ***മാതാപിതാക്കൾ ഉത്തരങ്ങൾ കണ്ടുപിടിച്ച് മക്കളുടെ പേരിൽ ദയവായി അയയ്ക്കരുത്. അങ്ങനെ ചെയ്താൽ നിങ്ങൾ തന്നെ നിങ്ങളുടെ മക്കളുടെ ദൈവവചനം പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയാണ്. കുട്ടികളുടെ പേരിൽ വരുന്ന ഉത്തരങ്ങൾ അവരുടെ നൻമയെക്കരുതി ചിലയവസരങ്ങളിൽ അവരെ നേരിട്ട് വിളിച്ച് ഉറപ്പു വരുത്തുന്നതാണ്.***
2. ***നിങ്ങൾ കണ്ടുപിടിക്കുന്ന ഉത്തരങ്ങൾ അടുത്ത ഇഷ്യൂവിൽ പുറത്തു വരുന്നതുവരെ മറ്റുള്ളവരുമായി പങ്കുവെക്കാതിരിക്കുക.***
3. ***കുഞ്ഞുങ്ങളോട്, ഉത്തരങ്ങൾക്കായി ചർച്ച ചെയ്യുകയോ അഭിപ്രായങ്ങൾ ചോദിക്കുകയോ ചെയ്യുന്നത് നല്ലതാണെങ്കിലും കോപ്പിയടിച്ച് ഉത്തരങ്ങൾ ഒരിക്കലും അയയ്ക്കരുത്.***
4. ***മറ്റുള്ളവരുടെ ഉത്തരങ്ങൾ ഫോർവേഡ് ചെയ്യുമ്പോൾ മനസിലാക്കാനായി കഴിയും. കാരണം അവരുടെ പേരുപോലും മാറ്റാതെയാണ് ഞങ്ങൾക്ക് ഫോർവേഡ് ചെയ്യുന്നത്.***
5. ***നാം ദൈവസന്നിധിയിൽ വിശ്വസ്തരായി സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയാൽ അത് അനുകരിക്കേണ്ട മാതൃകയായി മറ്റുള്ളവർക്കും അനുഭവപ്പെടും.***

### ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
4. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
5. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
6. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
7. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
8. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
9. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
10. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
11. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

### Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers can be sent by e-mail and whatsapp.
4. Kindly send name, photo, church and contact number along with answers.
5. Winners will be selected through a draw in case there are more than one correct entry.
6. Winners name and photo will be published in next issue.
7. Attractive prizes will be awarded to winners.
8. Incomplete answers will not be entertained.
9. Bible Quiz answers should be sent along with reference.
10. There will be separate prizes for both Bible Quiz and Puzzle.
11. All those who send correct answers will receive HH Appreciation Certificate.

# ക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹം



പാസ്റ്റർ ദാനിയേൽ കുപ്ലാപള്ളിൽ

സ്നേഹം പലവിധത്തിലുണ്ട്. മനുഷ്യനും മനുഷ്യനുമായുള്ള സ്നേഹം, മനുഷ്യനും ദൈവവുമായുള്ള സ്നേഹം, സാത്താനും മനുഷ്യനുമായുള്ള സ്നേഹം..., എന്നാൽ പല സ്നേഹങ്ങളും കപടതയുടെ മുഖമൂടി അണിയുമ്പോൾ എന്താണ് യഥാർത്ഥ സ്നേഹം? മനുഷ്യനും മനുഷ്യനുമായുള്ള സ്നേഹം ചിലപ്പോഴെങ്കിലും സ്വാർത്ഥതയുള്ളതായി മാറുന്നില്ലേ? എന്നാൽ വിശുദ്ധ ബൈബിൾ പറയുന്നു 'ദൈവം സ്നേഹമാകുന്നു'. ദൈവീക സ്വഭാവങ്ങളിൽ ഒന്നല്ല സ്നേഹം, പകരം ദൈവം തന്നെ സ്നേഹമാകുന്നു. സ്നേഹമാകുന്ന ദൈവത്തിന്റെ സ്നേഹപ്രകടനത്തെ മനുഷ്യൻ പലപ്പോഴും അതിന്റേതായ നിലയിൽ മനസ്സിലാക്കുവാൻ സാധിക്കാതെ പോയത് മുഖാന്തരം ദൈവത്തേയും, ദൈവസ്നേഹത്തേയും മനുഷ്യൻ തെറ്റായി വ്യാഖ്യാനിച്ചു. ലോകാരംഭം മുതൽക്കേ ദൈവസ്നേഹത്തെ മനുഷ്യൻ അനുഭവിച്ചറിഞ്ഞിട്ടുള്ള ഒരുപാട് സന്ദർഭങ്ങൾ വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്നേഹത്തിനാലുള്ള ശാസനകൾ മനുഷ്യരെ തമ്മിൽ അകറ്റുന്നതുപോലെ മനുഷ്യൻ ദൈവത്തിൽ നിന്നും അകലുവാൻ ശ്രമിച്ചുകൊണ്ടേയിരുന്നു, ഇന്നും ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഭൂമിയിലെ പൊടിയിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ച ദൈവം, തന്റെ സ്വരൂപവും സാദൃശ്യവും സകലത്തിന്മേലും വാഴുവാനുള്ള അധികാരം കൂടി കൈമാറിയത് മനുഷ്യനെ അത്രമാത്രം സ്നേഹിച്ചതിനാലത്രെ. മനുഷ്യനെ സൃഷ്ടിക്കും മുമ്പെ അവനാവശ്യമുള്ളതെല്ലാം ഒരുക്കി വെച്ച്, തന്റെ മകൻ എന്ന പദവിയിൽ ആദമിനെ ഏദൻ തോട്ടത്തിൽ കൊണ്ടാക്കി, അവനോടുകൂടെ നടക്കുവാനും സംസാരിക്കുവാനും എന്നും വരുന്ന ഒരു പിതാവിന്റെ സ്നേഹം ആദം അനുഭവിച്ചിരുന്നു. അരുതെന്ന് പറഞ്ഞ കല്പന ലംഘിച്ച ദിനവും, തന്റെ വരവ് മുടക്കാതെ, തോട്ടത്തിൽ വരുകയും തന്റെ മക്കളെ അന്വേഷിക്കുകയും അവരുടെ കുറ്റം മനസ്സിലാക്കിക്കുവാൻ ശ്രമിക്കുകയും ചെയ്ത സ്നേഹനിധിയായ പിതാവ്, തന്റെ മക്കൾ ലംഘനം ചെയ്ത് നഷ്ടമാക്കിയ തേജസ്സിന്റെ വസ്ത്രത്തിനു പകരം തോലുകൊണ്ട് വസ്ത്രം ധരിപ്പിക്കുവാൻ കാണിച്ച പിതൃസ്നേഹം ആർക്കും മറക്കുവാൻ കഴികയില്ല.

സഹോദരനെ കൊലപാതകം ചെയ്ത കയീനെപോലും ഉപദേശിപ്പാനും, ആരും അവനെ കൊല്ലാതിരിപ്പാൻ അടയാളം വെക്കുകയും ചെയ്ത ഒരു നല്ല പിതാവ്. പാപം ചെയ്ത് നിത്യനാശത്തിലേക്ക് പോകുന്ന മനുഷ്യകുലത്തെ നശിപ്പിച്ചു കളയാതെ തന്റെ കൃപയാൽ നോഹയേയും കുടുംബത്തേയും വെള്ളത്തിലൂടെ രക്ഷിച്ച ദൈവം. മക്കൾ ഇല്ലാതിരുന്ന അബ്രഹാം ഭാര്യയെ വിട്ട് ദാസിയെ പരിഗ്രഹിച്ച് തലമുറയെ ജനിപ്പിച്ചിട്ടും സ്നേഹിതനോടെന്നപ്പോലെ അവനോട് സംസാരിക്കുകയും താൻ വാഗ്ദത്തം ചെയ്തത് അബ്രഹാമിനു നിവർത്തിച്ചു കൊടുക്കുകയും ചെയ്ത നല്ല സ്നേഹിതൻ, താൻ തിരഞ്ഞെടുത്ത ജനത്തോടൊപ്പം വാസം ചെയ്യുവാനുള്ള ആഗ്രഹത്താൽ അവരുടെ നടുവിൽ കൂടാരമടിച്ച് പാർത്ത ദൈവം, താൻ തിരഞ്ഞെടുത്ത തന്റെ മക്കൾക്ക് പാർക്കുവാൻ കൊടുത്ത ഭൂമിയിൽ അവർ നിരന്തരമായ ലംഘനങ്ങൾ ചെയ്തു കൂട്ടിയിട്ടും ലോകത്തെ മുഴുവനായും സ്നേഹിക്കുവാൻ മനസ്സു വെച്ച ഒരു വലിയ ദൈവം, അവസാനം തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേക്കയച്ച് തന്റെ സ്നേഹത്തെ മനുഷ്യകുലത്തിനു മുമ്പിൽ പ്രദർശിപ്പിച്ച് ഞാൻ ലോകത്തെ സ്നേഹിക്കുന്നു എന്ന് ലോകത്തോട് വിളിച്ചു പറഞ്ഞിട്ടും, മനുഷ്യൻ ഇന്നും മായയായ സ്നേഹത്തിന്റെ പുറകെ പോകുവാൻ വെമ്പൽ കൊള്ളുന്നു.

ഗത്ശമന തോട്ടത്തിലെ പ്രാർത്ഥനയിൽ കർത്താവായ ക്രിസ്തുയേശു പ്രാർത്ഥിക്കുന്നത് പിതാവ് തന്നെ സ്നേഹിച്ച സ്നേഹം തന്നിൽ വിശ്വസിക്കുന്നവരിലും ആകണമെന്നത്രെ. മൂന്നര വർഷക്കാലം പാപികളെ സ്നേഹിച്ച് വിശുദ്ധിയിലേക്ക് നടത്തിയും, രോഗികളെ സൗഖ്യമാക്കിയും, മരിച്ചവരെ ഉയിർപ്പിച്ചും, ഭൂതങ്ങളെ പുറത്താക്കിയും മനുഷ്യർക്ക് ദൈവസ്നേഹത്തെ വെളിപ്പെടുത്തിക്കൊടുക്കുവാൻ യേശുവിനു സാധിച്ചു. എങ്കിലും പാപത്തിന്റെ പ്രായശ്ചിത്തം പാപമില്ലാത്ത മനുഷ്യന്റെ മരണത്താൽ നടക്കേണ്ടതിനു തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവസ്നേഹം പുത്രനെ മരണത്തിനേൽപ്പിക്കുന്നതോളം നമ്മെ സ്നേഹിച്ചു. ക്രിസ്തുവിനെ മരണത്തിൽ നിന്നും ഉയർത്തെഴുന്നേൽപ്പിച്ചതിനാൽ ദൈവസ്നേഹം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനു പരിശുദ്ധാത്മാവിനെ നമുക്ക് നൽകുവാൻ താൻ തയ്യാറായി. അപ്പൊസ്തലനായ യോഹന്നാൻ എഴുതിയിരിക്കുന്നു 'പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു'. മനുഷ്യൻ പലതിന്റേയും പേരിൽ പരസ്പരം വഴക്കിടുകയും, കൊല്ലുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ ബൈബിളിന്റെ ആഹ്വാനം വളരെ ശ്രദ്ധേയമാകുന്നു. നാം അർത്ഥമില്ലാത്തതെന്തിനൊക്കയോ വേണ്ടി പരസ്പരം മത്സരിക്കുകയല്ലേ? സ്ഥാനമാനങ്ങൾ, സമ്പത്ത്, പ്രശസ്തി, സഭ, മതം, ജാതി ഇവയൊക്കെ ചിലപ്പോഴെങ്കിലും നമ്മെ യഥാർത്ഥ ദൈവസ്നേഹത്തിൽ നിന്നും വഴിതിരിച്ചിട്ടില്ലേ? ഉണ്ടെങ്കിൽ നമുക്ക് ആ യഥാർത്ഥ ദൈവസ്നേഹത്തിലേക്ക് മടങ്ങി വരാം. തിബര്യാസ് കടൽക്കരയിൽ പത്രോസിനോട് യേശു ചോദിച്ച ചോദ്യം ഇന്നും നമ്മോട് ഓരോരുത്തരോടും കർത്താവ് ചോദിക്കുന്നു, 'നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?'






നൈനാൻ മാത്യു

8 വീതം വാക്യങ്ങൾ ഉൾക്കൊള്ളുന്ന 119-ാം സങ്കീർത്തന ഭാഗങ്ങളിലെ 22 ഭാഗങ്ങളിൽ 8 വാക്യങ്ങളും പ്രാർത്ഥനാ രൂപത്തിൽ എഴുതപ്പെട്ടിരിക്കുന്ന ഏക ഭാഗമാണ് 'ഹേ' എന്ന തലകെട്ടിനു താഴെയായി ചിട്ടപ്പെടുത്തിയിരിക്കുന്ന 33 മുതൽ 40 വരെയുള്ള ഈ ഭാഗം. ഹൃദയങ്കമായ ഒരു പ്രാർത്ഥനയോടും, ആഴമേറിയ സമർപ്പണത്തോടും കൂടിയാണ് സങ്കീർത്തന ഭാഗം ആരംഭിക്കുന്നത്.

'യഹോവേ എന്നെ ഉപദേശിക്കണമെ! ഞാൻ അവസാനത്തോളം പ്രമാണിക്കാം (33). ക്രിസ്തീയ ജീവിതം നിയമങ്ങൾക്കനുസൃതമായ പ്രയാണമാണ്. ഇവിടെ നിയമങ്ങൾ അറിയുകയെന്നതും അവസാനത്തോളം പ്രമാണിക്കുക എന്നതും നിർബന്ധമായും അനുവർത്തിക്കപ്പെടേണ്ടിയ കാര്യമാണ്. പ്രമാണിക്കുവാൻ വേണ്ടിയല്ലയെങ്കിൽ പിന്നെ എന്തിനു പഠിപ്പിക്കണം? നിയമങ്ങൾ കാറ്റിൽ പറത്തി ഓടുന്നവരെ നിശ്ചയമായും 'കിരീട ധാരണ വേള' തിരിച്ചറിയിക്കും. അതുകൊണ്ട് സങ്കീർത്തനക്കാരൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു 'നിന്റെ ചട്ടങ്ങളുടെ വഴി എന്നെ ഉപദേശിക്കണമെ! അങ്ങയുടെ വചനത്തിന്റെ അനുഷ്ഠാനമാണ് യഥാർത്ഥ ബുദ്ധി അഥവ തിരിച്ചറിവെന്നു ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് നിന്റെ ന്യായപ്രമാണം അവസാനത്തോളം പ്രമാണിക്കാം, പൂർണ്ണ ഹൃദയത്തോടെ പ്രമാണിക്കാം (34).

കല്പനകളുടെ പാത, കൃത്യമായ വർജ്ജനങ്ങളുടെ പാതയാണ്. മാത്രമല്ല ഈ പാതയിൽ പ്രാണൻ വിഷാദം കൊണ്ടു നിറയുന്ന വേളകളും,പേടിപ്പിക്കുന്ന നിന്ദകളും അപമാനങ്ങളും ഏറെയുണ്ടാകും എങ്കിലും ഈ പാത താൻ ഏറെ ഇഷ്ടപ്പെടുന്നു (35). കാരണം ദൈവവചനത്തിന്റെ പ്രകാശനവും ഗ്രഹിപ്പിക്കലും പഠിപ്പിക്കലും എല്ലാം സദാ സമയവും ജീവസുറ്റതായി തനിക്കു ലഭിച്ചുകൊണ്ടേയിരിക്കുന്നു. 'എന്നെ നടത്തേണമെ!' എന്ന അപേക്ഷ നല്ല ഇടയന്റെ അജപാലനം താൻ എത്ര മാത്രം ആഗ്രഹിക്കുന്നു യെന്നു വ്യക്തമാക്കുന്നു.

യഹോവയുടെ സാക്ഷ്യങ്ങൾക്കും, വഴിപാടുകൾക്കും ഘടക വിരുദ്ധമായി നിലകൊള്ളുന്ന 2 വിപരീത വഴികളാണ് തുടർന്നുള്ള 2 വാക്യങ്ങളിൽ കാണുന്നത്.

*1. ദുരാദായത്തിന്റെ വഴി (36)*
*2. വ്യാജമായ കാഴ്ചകളുടെ വഴി (37)*

ദുരാദായത്തിന്റെ വഴിയും, ദൈവിക സാക്ഷ്യങ്ങളുടെ വഴിയും ദിശസൂചന നല്കുന്നത് 2 ദ്രുവങ്ങളിലേക്കാണ്. ആയതുപോലെ വ്യാജമായ കാഴ്ചകളുടെ വഴിയും യഹോവയുടെ വഴിയും 2 അറുതികളിലായി നിലകൊള്ളുന്നു. അർത്ഥാൽ യഹോവയുടെ സാക്ഷ്യങ്ങളുടെ വഴിയിൽ ദുരാദായത്തിന്റെ ലാഭങ്ങൾ, നേട്ടങ്ങൾ ഇല്ല. വ്യാജമായ കാഴ്ചകളുടെ ആസ്വാദനങ്ങൾ ഇല്ല. ഉദയം അസ്തമനത്തോടു അകന്നിരിക്കുന്നതുപോലെ ഇരു വഴികളും തമ്മിൽ അകന്നിരിക്കുന്നു. കർമ്മമേഖലയിലെ അദ്ധ്വാനത്തിലൂടെ ലഭിക്കുന്ന ആദായം അഥവ വരുമാനം നമ്മുടെ നിലനില്പിന് അനിവാര്യമാണെങ്കിലും ആദായത്തിന്റെയും, ദുരാദായത്തിന്റെയും അതിർവരമ്പുകൾ വേലികെട്ടുകൾ കൃത്യമായി തിരിച്ചറിയുവാൻ നമുക്ക് സാധിച്ചിരിക്കണം. യഹോവയുടെ തത്വങ്ങളെ ബലികഴിച്ചു നേടുവാൻ കഴിയുന്ന ആദായത്തെ ദുരാദായമായി വേർതിരിച്ചറിയുവാനും വിട്ടൊഴിഞ്ഞ് യഹോവയുടെ സാക്ഷ്യങ്ങളിലേക്ക് ചായുവാനും സങ്കീർത്തനക്കാരനു കഴിയുന്നു. ആയതുപോലെ ദൈവവചനത്തിന്റെ ധ്യാനം ദൈവിക വഴികളിലെ ജീവൻ നഷ്ടപ്പെടുത്തിക്കളയുന്ന എല്ലാ വ്യാജമായ കാഴ്ചകളുടെ ആസ്വാദനവും അത് പൊതുസമൂഹത്തിനു എത്ര മാന്യമായിരുന്നാലും, ശ്രേഷ്ഠമായിരുന്നാലും അവയെല്ലാം വിട്ടൊഴിയുവാൻ നമുക്കു കഴിഞ്ഞിരിക്കണം. വ്യാജം പറയുന്ന അധരത്തെ ദൈവം വെറുക്കുന്നതുപോലെ വ്യാജം കാണുന്ന കണ്ണുകളെയും യഹോവ വെറുക്കുന്നുയെന്ന സത്യം നാം മറന്നുകൂടാ.

തിരുവചനം യഹോവയോടുള്ള ഭക്തിയെ വർദ്ധിപ്പിക്കുന്നു (38). യഹോവയോടുള്ള ഭക്തി നമ്മിൽ നിറയുമ്പോൾ മറ്റു ഭയങ്ങൾക്കും ആശങ്കൾക്കും നമ്മിൽ സ്ഥാനം ഇല്ലാതെയാകുന്നു. നിന്റെ നല്ല വിധികളാൽ, അവയുടെ നിവർത്തിയാൽ ഞാൻ പേടിക്കുന്ന നിന്ദയെ അകറ്റികളയേണമേ! (39). പ്രതിസന്ധികൾ നിരവധിയുണ്ട് എങ്കിലും അങ്ങയുടെ പ്രകാശനം നല്കി എന്നെ നയിക്കണമെ! അതിനാൽ ഞാൻ നിന്റെ പ്രമാണങ്ങളെ വാഞ്ചിക്കുന്നു. എന്നെ ജീവിപ്പിക്കണമെ (40) ജീവിപ്പിക്കണമെയെന്നുള്ള പ്രാർത്ഥന 2 തവണ ഈ ഭാഗത്ത് ആവർത്തിച്ചിരിക്കുന്നു.

*1. നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കണമെ (37)*
*2. നിന്റെ നീതിയാൽ എന്നെ ജീവിപ്പിക്കണമെ (40)*

നമുക്കും പ്രാർത്ഥിക്കാം യഹോവേ നിന്റെ വഴികളിൽ, നിന്റെ നീതിയാൽ എന്നെ ജീവിപ്പിക്കണമെ! ഭയം, നിന്ദ എന്നിൽ വാഴ്വ് നടത്തരുതെ!






ബിനു കെ.വറുഗീസ്

ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന്റെ കാവൽക്കാരൻ ആക്കിയിരിക്കുന്നു. നീ എന്റെ വായിൽ നിന്നും വചനം കേട്ട് എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം (യെഹ. 3:17).

നാം ഓരോരുത്തരും ദൈവജനത്തിന്റെ കാവൽക്കാർ ആണ്. നമ്മിലൂടെ ദൈവത്തിന് അനേകരെ നേടുവാനും, ഈ ഭൂമിയിൽ വസിക്കുന്ന ജനത്തിനുവേണ്ടി അനേകകാര്യങ്ങൾ ചെയ്യുവാനുമുണ്ട്. എന്നാൽ അതൊന്നും ചിന്തിക്കാതെ ഓരോ ദിവസവും നാം നഷ്ടപ്പെടുത്തി കളയുന്ന സമയം വളരെ വലുതാണ്. ഇന്നു നാം ഓരോരുത്തരും ഏറ്റവും കൂടുതൽ സമയം ചിലവഴിക്കുന്നത് നമ്മുടെ മൊബൈലിനോടൊപ്പമാണ്. അതിൽ കൂടുതൽ സമയവും ഫെയ്സ്ബുക്കിലും, വാട്ട്സ്ആപ്പിലുമാണ്. നാം രാവിലെ എഴുന്നേൽക്കുമ്പോൾ ആദ്യം എടുക്കുന്നത് തന്നെ മൊബൈലാണ്.

ദൈവം നമുക്ക് ഒരുപാട് കൃപകൾ നല്കി, പരിശുദ്ധാത്മാവിനെ നല്കി എന്നാൽ നമ്മുടെ ജീവിതത്തിൽ ഇതിനൊന്നും പ്രാധാന്യം കൊടുക്കാതെ, നമ്മെ നശിപ്പിക്കുന്ന നശ്വരമായതിന്റെ പുറകെയാണ് നാം. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കും (1 യോഹ.2:17).

നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരിഞ്ഞു ചുറ്റി നടക്കുന്നു. അല്പം പഴുതു കിട്ടിയാൽ നമ്മെ നശിപ്പിക്കാനായി നടക്കുന്ന പൈശാചിക മണ്ഡലങ്ങൾ, അതിൽ നമ്മെ അകപ്പെടുത്തും. നമുക്ക് എല്ലാം അറിയാം എന്നാലും അതിൽ അകപ്പെട്ടുപോകുന്നത് നമ്മുടെ നിസഹായതയാണ്.

പാപത്തിന്റെ ശമ്പളമായ മരണത്തെ തരാതെ നിത്യത ഒരുക്കുന്ന പിതാവിന്റെ സന്നിധിയിൽ നിന്നും ഈ ലോക ജീവിതത്തിന്റെ മോഹത്തിൽ അകപ്പെട്ടു പോകുകയാണ് പലപ്പോഴും നമ്മൾ. ഞാൻ നിന്നെ വിശിഷ്ട മുന്തിരിവള്ളിയായി നല്ലതൈ ആയി തന്നെ നട്ടിരിക്കെ നീ എനിക്കു കാട്ടു മുന്തിരിവള്ളിയുടെ തൈയായ് തീർന്നത് എങ്ങനെ? (യിര. 2:21).

ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റെ ഹൃദയത്തിൽ തോന്നീട്ടുമില്ല. ഈ അറിവ് പലപ്പോഴും ചർച്ചിനകത്തേക്ക് പോകുമ്പോഴും പ്രാർത്ഥനാദിവസങ്ങളിലും ഒതുങ്ങി നിൽക്കുന്നു. ജീവിതത്തിൽ പ്രതിസന്ധി കടന്നു വരുമ്പോൾ അതൊക്കെ മറന്നു നമ്മൾ പ്രതികരിക്കുന്നു. ഈ ലോക ജീവിതത്തിൽ മിക്കവരും ആത്മീയത്തേക്കാൾ കൂടുതൽ ഭൗതീകത്തേയാണ് ആശ്രയിക്കുന്നത്.

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തന്റെ ഭുജമാക്കി ഹൃദയം കൊണ്ടു യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ (യിര. 17:5). എന്നാൽ ഓരോ വിശ്വാസിയും തന്റെ വശ്വാസ മണ്ഡലത്തിൽ വളരെ പോരാട്ടത്തിലാണ്. അവർ നിന്നോട് യുദ്ധം ചെയ്യും നിന്നെ ജയിക്കയില്ലതാനും നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോടു കൂടെയുണ്ട് എന്നു യഹോവയുടെ അരുളപ്പാട് (യിരെ. 1:19).

ആകയാൽ നാം അരേയും ഭയപ്പെടാതെ കർത്താവ് തരുന്ന കൃപയ്ക്ക് അനുസരിച്ചു ദൈവം നമ്മോടു കല്പിക്കുന്ന വചനം ഭയം കൂടാതെ ആത്മാവിൽ പറയുവാൻ ദൈവം നമ്മെ ഒരുക്കും. ഞാൻ അവരുടെ പ്രവർത്തികളേയും വിചാരങ്ങളേയും അറിയുന്നു. ഞാൻ സകലജാതികളേയും ഭാഷക്കാരേയും ഒന്നിച്ചുകൂട്ടുന്ന കാലം വരുന്നു. അവർ വന്ന് എന്റെ മഹത്വം കാണും (യെശ. 66:18). സകലജാതികളേയും ഭാഷക്കാരേയും ഒന്നിച്ചുകൂട്ടികൊണ്ടിരിക്കുന്ന ഈ കാലത്ത് അവരെ കർത്താവിന്റെ വചനത്തിൽ ഉറപ്പിച്ചു നിർത്തുക എന്നുള്ളതാണ് നമ്മുടെ ഓരോരുത്തരുടേയും കർത്തവ്യം.

നമ്മുടെ നല്ല ഇടയനായ യേശുക്രിസ്തുവിന്റെ സന്നിധിയിൽ നമ്മെതന്നെ താഴ്ത്തി ഏല്പിക്കും എങ്കിൽ ആ പിതാവിന്റെ ശബ്ദം കേട്ട് അവന്റെ പാത പിന്തുടരുവാൻ നാം തീരുമാനിച്ചാൽ നാം പ്രത്യാശിക്കുന്ന ശുഭഭാവി നമ്മുടെ ജീവിതത്തിൽ വരും എന്ന ഉറപ്പും ധൈര്യവും കർത്താവ് തരും. ഒരു ഇടയനെപ്പൊലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്ത് വഹിക്കയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യും (യെശ. 40:11).


തക്ക തുണ
HH Matrimonial

Proposal invited for Pentecostal GIRL, 27 years,
BTech qualified (EC),
172cm Height, from Kerala;
Contact: 0091 94973 15504

Pentecostal parents invite proposals for their son (31,H-168) MBA in finance, working in Bengaluru.
Contact: 0091 99451 38147
0091 90080 49385
M4 marry ID-4234909

Looking for a Job

Computer
Hardware & software
Techniacian
with 3 years experience is looking for a suitable job
Mob: 39016687
E-mail: robinsamuel134@gmail.com

കർത്താവിൽ മരിക്കുന്ന
മൃതന്മാർ ഭാഗ്യവാൻമാർ





V.M.Mathai (105)
Vattamparampil
Eraviperoor, Tiruvalla
called off to Eternity on 18-07-2018
(Father of Pastor Jacob V. Mathew
Suvartha Full Gospel Church, Bahrain)

HOSTAO
Web Hosting Made EASY and AFFORDABLE!

2createapps.com

# GCMN
(Global Christian Media Networks)

We have created more than 10 Christian Video Sites for Christian Messages, Albums & Videos.

REJI MODIYIL
Founder and CEO

www.tripsya.com

Make Easily Apps For iOS, Android, Kindle and Mobile Sites

Happy to share the Word of God and to spread the Kingdom of God through Social Media.

Hosting more than 20 Christian websites.
We have an Android and Iphone application for way2jesus.com.
Alternative apps exclusively for facebook-only users who are Christian Believers.

CALL US
+973 3375 5351

www.reji.pro

Best Apps & Mobile Sites Builder

ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.
കമ്പനി പരസ്യങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ട് !!

Contact:
+973 33552886

hhgulfnews@gmail.com
0973 3838 3399
Hello Hope

Dulux let's colour Bahrain

NOW AVAILABLE IN BAHRAIN
Call 77799900
www.duluxbahrain.com
Sales@duluxbahrain.com




Duluxpaintbh
Duluxpaintbh
33947000

# -പ്രഭാതപ്രാർത്ഥന-

## ദൈവമക്കൾക്കൊരു സന്തോഷവാർത്ത

സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ കർത്തൃസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം...




എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ രാവിലെ 4:45 മുതൽ 5:45വരെ, സെഗായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ.



HH STEERING

Exclusive Gulf Representative
PHOENIX MARKETING & CREATIONS W.L.L

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.



**P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com**
For Private Circulation only